# അടിസ്ഥാനപാഠാവലി



## 3. അമ്മയുടെ എഴുത്തുകൾ



മാതൃഭാഷയുടെ മഹത്വവും മാതൃത്വത്തിന്റെ പ്രാധാന്യവും വ്യക്തമാക്കുന്ന കവിതയാണ് ശ്രീ. വി. മധുസൂദനൻ നായരുടെ 'അമ്മയുടെ എഴുത്തുകൾ'. വീടിന് മോടി കൂട്ടുമ്പോൾ മകന് കിട്ടുന്ന അമ്മയുടെ എഴുത്തുകൾ അയാളിലുണ്ടാക്കുന്ന ചിന്തകളാണ് കവിതയുടെ പ്രമേയം. വേരുകൾ നഷ്ടപ്പെടുന്ന പുതു തലമുറയെക്കുറിച്ചുള്ള ഉത്കണ്ഠയും കവിത പങ്കുവയ്ക്കുന്നു.

**ആശയം**

- നഗരജീവിതത്തിനിടയിൽ കവി കണ്ടെത്തുന്ന അമ്മയുടെ എഴുത്തുകളാണ് കവിതയുടെ പ്രമേയം.
- വീടിനു മോടി കൂട്ടുന്നതിന്റെ ഭാഗമായി ചില്ലുപെട്ടികളിൽ പട്ടണക്കോപ്പുകൾ നിറഞ്ഞപ്പോൾ അമ്മ അയച്ച പഴയ കത്തുകൾ ചായ്പിലെ കാൽപ്പെട്ടിയിലേക്ക് ഒതുക്കേണ്ടി വരുന്നു.
- ഭാര്യയുടെ നവീനവും കുലീനവുമായ ശാഠ്യത്തിന് മുന്നിൽ കവി തോറ്റു പോകുന്നു.
- നോക്കിയാൽ മിണ്ടുന്ന ചിത്രലേഖത്തിന്റെ താളുകളായ അമ്മയുടെ കത്തുകൾ കവിക്ക് ഹൃദ്യമായ ഓർമ്മയാണ്.
- ആ ഉള്ളെഴുത്തുകൾ അറിയാത്ത തലമുറ കവിയുടെ വേദനയായി മാറുന്നു.
- അമ്മ മാതൃഭാഷയുടെ പ്രതീകമായി മാറുന്നു.
- അമ്മയിൽ നിന്ന് അകലുക എന്നാൽ ഭാഷയിൽ നിന്നും സംസ്കാരത്തിൽ നിന്നും അകന്നു പോവുക എന്നാണർഥം.
- മാതാവിനെയും മാതൃഭാഷയെയും സ്നേഹപൂർവം സംരക്ഷിക്കണം

**ശരിയായ ഉത്തരം കണ്ടെത്തി എഴുതുക**

1. 'ആരു വായിക്കുമീ മായുമെഴുത്തുകൾ
   ആരുടെ നാവിലുയിർക്കുമീച്ചൊല്ലുകൾ' -ഈ വരികളിൽ പ്രകടമാകുന്ന കവിയുടെ ആശങ്കയെന്ത്?
   - അക്ഷരങ്ങൾ മാഞ്ഞു പോകുന്നു.
   - പുതിയ തലമുറ മാതൃഭാഷയിൽ നിന്ന് അകലുന്നു.
   - ചൊല്ലുകൾക്ക് പ്രസക്തിയില്ലാതാകുന്നു.
   - സംസാരശേഷി നഷ്ടപ്പെടുന്നു.

2. ചിന്മുദ്ര ശരിയായി പിരിച്ചെഴുതിയത് ഏത് ?

ചിത് + മുദ്ര

ചിൻ + മുദ്ര

ചിദ് + മുദ്ര

ചിത്തം + മുദ്ര

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

3. "നമ്മൾ വിദേശത്തു നിർമ്മിച്ചൊരമ്മതൻ

ബിംബമീയാതിഥ്യ ശാലയിൽ ശോഭനം" പുതിയ തലമുറയുടെ മനോഭാവം വരികളിൽ പ്രകടമാവുന്നതെങ്ങനെ?

- ഇംഗ്ലീഷ് ഭാഷയോടുള്ള അമിത താല്പര്യം.
- പാശ്ചാത്യ സംസ്കാരത്തിന് അടിമപ്പെടൽ.
- മാതൃഭാഷയോടുള്ള അവഗണന.

4. "ഓരോന്നിനോരോമൊഴിച്ചന്ത, മമ്മയാം

നേരിന്റെ യീണവും താളവുമിമ്പവും

അമ്മയ്ക്കു മാത്രം തരാൻ കഴിയുന്നതാം

വെണ്മയും ഞാനാകുമോർമ്മതൻ ഭൂമിയും." ഈ വരികളിൽ സൂചിതമാവുന്ന മാതൃഭാഷയുടെ സവിശേഷതകൾ കണ്ടെത്തി എഴുതുക?

- മാതൃഭാഷ അമ്മയ്ക്ക് തുല്യമാണ്.
- മാതൃഭാഷ അമ്മയുടേതായ നേരിന്റെ ഈണവും താളവും പകരുന്നു.
- വികാരാവിഷ്കരണത്തിൽ മാതൃഭാഷയ്ക്കുള്ള സാധ്യതകൾ

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

5. "അമ്മയില്ലാത്ത വീട്

അമ്മിയില്ലാത്ത വീട്

ഇന്നത്തെ വീടുകൾ

അങ്ങാടി വീടുകൾ"

(കുഞ്ഞുണ്ണി മാഷ്)

കുഞ്ഞുണ്ണി മാഷിന്റെ ഈ വരികളെ മുൻനിർത്തി 'അമ്മയുടെ എഴുത്തുകൾ' എന്ന കവിത വിലയിരുത്തുക?

- കുടുംബത്തിൽ അമ്മയുടെ സ്ഥാനം.
- ജീവിതം – ഭാഷ – സംസ്കാരം ഇവയോടുള്ള പുതുതലമുറയുടെ മനോഭാവം.
- മാതാവിനും മാതൃഭാഷയ്ക്കും നൽകുന്ന സ്ഥാനം
- അന്യഭാഷാ സംസ്കാരം ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം.

6. "എത്ര കൗതൂഹലം, നോക്കിയാൽ മിണ്ടുമി-

ച്ചിത്രലേഖത്തിന്റെ താളുകൾ" അമ്മയുടെ എഴുത്തുകൾ മകന് ഹൃദയസ്പർശിയായ അനുഭവമായിമാറുന്നതെങ്ങനെ? വിശകലനം ചെയ്ത് ലഘുകുറിപ്പ് തയാറാക്കുക.

- അമ്മയുടെ എഴുത്തുകൾ പകരുന്ന അനുഭവങ്ങൾ.

- നോക്കിയാൽ മിണ്ടുന്ന ചിത്രലേഖത്തിന്റെ താളുകൾ.
- നാട്ടുപുരാണങ്ങൾ, വീട്ടു വഴക്കുകൾ, ഉത്സവങ്ങൾ, മരുന്നുകുറിപ്പുകൾ
- വാത്സല്യം, ഉത്കണ്ഠ, സാരോപദേശങ്ങൾ.
- നാദം, തേൻ, സ്പന്ദനം എന്നിവയെല്ലാമായി അനുഭവപ്പെടുന്ന ഉള്ളെഴുത്തുകൾ.

**ഒരു പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

7. 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയുടെ ആശയങ്ങളും സമകാലിക സാമൂഹിക അവസ്ഥകളും പരിഗണിച്ച് 'മാതൃഭാഷയും സമൂഹവും' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക ?

- മാതൃഭാഷ അമ്മയ്ക്ക് തുല്യമാണ്.
- മാതാവിനെയും മാതൃഭാഷയെയും മറന്ന് അന്യഭാഷയെയും

  സംസ്കാരത്തെയും അനുകൂലിക്കുന്ന പുതുതലമുറ
- മാതൃഭാഷ നേരിടുന്ന വെല്ലുവിളികൾ
- പുതുതലമുറയ്ക്ക് നഷ്ടമാകുന്ന പാരമ്പര്യബോധം

**പരിശീലന ചോദ്യങ്ങൾ**

1. 'ആരു തേടും? നാളെ നമ്മുടെ കുട്ടികൾ –

   ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ'?

   വരികളുടെ അടിസ്ഥാനത്തിൽ മലയാളഭാഷ നേരിടുന്ന വെല്ലുവിളികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക?

2. 'നമ്മളോർത്താലുമില്ലെങ്കിലും

   കാവലായ്

   പിൻപേ പറക്കും കുളിർമ്മ'–

   അമ്മയുടെയും ഭാഷയുടെയും എന്തെല്ലാം പ്രത്യേകതകളാണ് ഈ വരികളിൽ കാണാനാവുന്നത്. ലഘുകുറിപ്പ് തയാറാക്കുക?

3. "താരാട്ടിലോലുന്ന മാധുര്യമെങ്ങനെ?

   നാം തന്നെ വന്നു പിറന്നതുമെങ്ങനെ?" വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

# അനുബന്ധം 1

**കാവ്യഭംഗി**

വരികളിലെ ആദ്യക്ഷരങ്ങൾ ഒരുപോലെയാവുക.

വരികളിലെ രണ്ടാമത്തെ അക്ഷരങ്ങൾ ഒരുപോലെയാവുക.

വരികളിലെ അവസാനത്തെ അക്ഷരങ്ങൾ ഒരുപോലെയാവുക.

ഒരേ അക്ഷരം ഒരേ വാക്ക് ആവർത്തിച്ചുവരിക

കാവ്യസന്ദർഭങ്ങളെ ഏതെങ്കിലും വസ്തുക്കളുമായി താരതമ്യപ്പെടുത്തുക.

ധ്വന്യാർത്ഥമുള്ള പ്രയോഗങ്ങൾ മുതലായവ കാവ്യഭംഗി വർദ്ധിപ്പിക്കുന്നു.

**കാവ്യഭംഗി കണ്ടെത്തുക.**

1. പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ടങ്ങൾപോലെയു
മെത്രയും ചഞ്ചലമാലയസംഗമം

2. എരിയാൻ വിറകിന്നു കാത്തിട്ടും
പൊരിയായുള്ളൊരു ഹവ്യവാഹന്
ശരിയായി നിനച്ചിടുന്നു ഞാൻ
പെരിയോർക്കുള്ളൊരു വീരബാലനെ

3. 'കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നാപോൽ
ദൃഷ്ടനായിഹ ഭവാൻ: ഭവാനു പ
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ

4. കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽ വച്ചെൻ പ്രപിതാമഹർ
കണ്ടതാണീക്കുതിരയെക്കാട്ടു പുൽ-
ത്തണ്ടുനൽകി വളർത്തി മുത്തശ്ശിമാർ

**അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കി മാറ്റുക**

1. ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്ത് മുക്കുന്നതിന് ഒരാൾക്കു മരംകൊണ്ടുള്ള മുള്ളും കയിലും കൂടി ആവശ്യമില്ല.
2. ഇത്രയും ദൂരം വന്നിട്ട് ആളെ കാണാതെ പോകണമല്ലോ എന്നോർത്തപ്പോൾ അയാൾക്ക് വിഷമം തോന്നി.
3. കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തെ വരുകയാൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റുപോയി.
4. അവർ നോക്കുമ്പോൾ അദ്ദേഹം നിറഞ്ഞൊഴുകുന്ന സ്വന്തം കണ്ണ് തുടയ്ക്കുന്നു.
5. ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തുനിന്നു വരുന്നതുപോലെ മിറലിന് വീട് അപരിചിതമായി തോന്നി.
6. ഒരു പ്രത്യേക മതത്തെ ആസ്പദമാക്കി ക്ഷേത്രങ്ങൾ ശ്രീനാരായണഗുരു സ്ഥാപിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല.
7. ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അയാളെ വലയം ചെയ്തു.

**അഭംഗി പരിഹരിച്ചെഴുതുക.**

1. കുട്ടികൾ ക്ലാസ് തുടങ്ങുന്നതിനുമുൻപ് സ്കൂളിൽ പോകണം.
2. തിങ്കളാഴ്ച കലോത്സവവും കായികോത്സവം ചൊവ്വാഴ്ചയോ ബുധനാഴ്ചയോ നടത്തുന്നതാണ്.
3. കുട്ടികൾ അകാരണമായി വരാതിരിക്കുകയോ താമസിച്ചുവന്ന് ക്ലാസിൽ കയറുകയും ചെയ്യുന്നത് ശിക്ഷാർഹമാണ്.
4. നാളെ രാവിലെ പത്തുമണി മുതൽ പൊതുയോഗം നടത്തപ്പെടും
5. സ്കൂൾ വാർഷികസമ്മേളനത്തിലേക്ക് എല്ലാവരെയും സവിനയം സ്വാഗതം ചെയ്തുകൊള്ളുന്നു.
6. കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരസ്നേഹത്തിന്റെയും പങ്കുവയ്ക്കുന്നതിലൂടെ ലഭിക്കുന്ന സന്തോഷം അനുഭവപ്പെടുന്നതും ഓരോ വിളിയും കാത്ത് എന്ന കഥയിൽ കാണാം.
7. കേവലം കാര്യസാധ്യത്തിനുവേണ്ടി കൊട്ടാരത്തിൽ കഴിഞ്ഞിരുന്ന പുഷ്കരന്റെ അടുക്കൽ കലി എത്തപ്പെട്ടു.
8. വാച്യാർത്ഥവും വ്യംഗ്യാർത്ഥം മുതലായവയുടെ ഉപയോഗം ആസ്വാദ്യമാക്കുന്നു.

**ആസ്വാദനക്കുറിപ്പ്**

**പ്രമേയം, ആവിഷ്കാരഭംഗി, സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക**

പള്ളിക്കൂടത്തിലെ നല്ലിടവേളകൾ
സംഗീതസാന്ദ്രമായ് തീരത്തൊരു ചങ്ങാതി,
താഴത്തൊരു കുഞ്ഞുറുമ്പിനെപ്പോലുമേ
നോവിച്ചിടാതെ നടന്നുപോകുന്നവൻ,

സായ്പിന്റെ സൈന്യത്തിലിന്നലെപ്പോയ്ചേർന്നു
വീട്ടിലെ കട്ടിണിയോരു പൊരുതുവാൻ.
'ഇല്ലിനി ക്ലാസിൽ വരില്ല ഞാ നെന്നവൻ
ചൊല്ലിയെന്നോടന്നു യാത്ര പറഞ്ഞീടവേ

'എന്നിനിക്കാണും' എന്റെ കണ്ണുകൾ ചോദിച്ചു!
ഒന്നാമിഴിയീറനായതേയുത്തരം!
ആരോ വിരൽചൂണ്ടി 'ശത്രു വെന്നോതീടും
ആരുടെയോ നേർക്ക് തോക്കുമായ് പായുന്ന

പാവമെൻ ചങ്ങാതിയെയന്നൊരു പേക്കിനാവിൽ
ഞാൻ കണ്ടു നടുങ്ങിയുണർന്നുപോയി
പിന്നെയൊരുനാളയലത്തൊരു വീട്ടിൽ
നിന്നൊരു കൂട്ടനിലവിളികേട്ടു ഞാൻ.
യുദ്ധരംഗത്ത് മരിച്ച ഭടൻ ഭടൻതന്റെ
പെട്ടിയും ഭാണ്ഡവും വീട്ടിൽ വന്നെത്തുന്നു...

പൊട്ടിക്കരഞ്ഞതില്ലെത്രയോ വീടുകൾ
യുദ്ധം ജയിച്ചെന്ന വാർത്ത ചമയ്ക്കുവാൻ!....

ഒ.എൻ.വി.കുറുപ്പ്

**അർഥവ്യത്യാസം**

അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം കുറിക്കുക)

1. ശബിരത്തിന് പുറത്ത് പോയിരുന്നു.
   ദുര്യോധനന്റെ അടുത്ത് ഇരുന്നു
2. സുധീർ ഓർത്തുപോയി
   മാഡംതലത്ത് അകത്തേക്ക് പോയി
3. ഴാങ് വാൾ ഴാങ് കുട്ട പുറത്തേയ്ക്ക് കളഞ്ഞു
   മതിൽ കടന്ന് ഇരുളിലേക്ക് മറഞ്ഞു കളഞ്ഞു.

**കാവ്യഭംഗി**

- വരികളിലെ ആദ്യാക്ഷരം ഒരുപോലെയാവുക,
- വരികളിലെ രണ്ടാമത്തെ അക്ഷരം ഒരുപോലെയാവുക,
- വരികളിലെ അവസാനത്തെ അക്ഷരം ഒരുപോലെയാവുക,
- ഒരേ അക്ഷരം ആവർത്തിച്ചുവരിക,
- ഒരേ വാക്ക് ആവർത്തിച്ചുവരിക,
- കാവ്യസന്ദർഭങ്ങളെ ഏതെങ്കിലും വസ്തുക്കളുമായി താരതമ്യപ്പെടുത്തുക,
- ധ്വന്യാർത്ഥമുള്ള പ്രയോഗങ്ങൾ നടത്തുക,

മുതലായവ കാവ്യഭംഗി വർദ്ധിപ്പിക്കുന്നു.

1 പാന്ഥർ പെരുവഴിയമ്പലംതന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾപോലെയു
മെത്രയും ചഞ്ചലമാലയസംഗമം

2 എരിയാൻ വിറകിന്നു കാത്തിടും
പൊരിയായുള്ളൊരു ഹവ്യവാഹന്
ശരിയായി നിനച്ചിടുന്നു ഞാൻ
പെരിയോർക്കുള്ളൊരു വീരബാലനെ

3 'കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായി ഹ ഭവാൻ; ഭവാനു പ
ണ്ടിഷ്ടയാം 'നളിനി'ഞാൻ മഹാമതേ

4 കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽ വച്ചെൻ പ്രപിതാമഹർ
കണ്ടതാണീക്കുതിരയെ ക്കാട്ടു പുൽ
ത്തണ്ടുനൽകി വളർത്തി മുത്തശ്ശിമാർ

5 പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നന്നു പ

തിഷ്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും ത
ന്നാവതുവേഗമയയ്ക്കാൻ നോക്കാം

6 അമ്മയുടേതാമെഴുത്തുകളൊക്കെയും
അമ്മയായ് ത്തന്നെയൊതുങ്ങിയിരിക്കട്ടെ

**അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കി മാറ്റുക.**

1. ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്കു മരംകൊണ്ടുള്ള മുള്ളും കയ്‌ലുംകൂടി ആവശ്യമില്ല.
2. ഇത്രയും ദൂരം വന്നിട്ട് ആളെ കാണാതെ പോകണമല്ലോ എന്നോർത്തപ്പോൾ അയാൾക്ക് വിഷമം തോന്നി.
3. കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തെ വരുകയാൽ ബെഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റുപോയി.
4. രൂപംകൊണ്ട് പിടികിട്ടാത്തവ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.
5. ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തുനിന്നു വരുന്നതുപോലെ മിറലിന് വീട് അപരിചിതമായി തോന്നി.
6. പാതിരായ്ക്കുശേഷം ആറണ കൊടുത്തുവാങ്ങിയ നാഴി അരിയും നാലുചക്രത്തിനു കപ്പയുമായി കോരൻ കൊട്ടിലിൽ ചെന്നു.
7. ഒരു പ്രത്യേക മതത്തെ ആസ്പദമാക്കി ശ്രീനാരായണഗുരു ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന കാര്യം ഇവിടെ വിസ്മരിക്കുന്നില്ല.
8. ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അയാളെ വലയം ചെയ്തു.

**അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി മാറ്റുക**

1 റേഡിയോ വാങ്ങിക്കണം. അയാൾ അഭിമാനത്തോടെ തെല്ലുറക്കെ പറഞ്ഞു.

2 യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറെ പാലിക്കപ്പെട്ടു. പിന്നീട് അതുമിതുമായി ലംഘിക്കപ്പെട്ടുതുടങ്ങി.

3 ഞാൻ ചവർകൂമ്പാരത്തിൽ കൈയിട്ടിളക്കും. എല്ലാം കീഴ്മേൽ മറിച്ചിടും.

4 പാതിരാക്കുശേഷം ആറണ കൊടുത്തുവാങ്ങിയ നാഴി അരിയും നാലുചക്രത്തിനു കപ്പയുമായി കോരൻ കൊട്ടിലിൽ ചെന്നു. ചിരുത ഉറങ്ങിയിരുന്നില്ല.

5 അങ്ങനെ ആശങ്ക നിറഞ്ഞ ഒരു പത്തുകൊല്ലം കഴിഞ്ഞു.

കേവലം ഇച്ഛാശക്തി കൊണ്ടെന്നപോലെ ആ മാവു നിന്നു.

6 കൊയ്ത്തുകാലത്ത് നല്ല കച്ചവടമാണ്. നല്ല ലാഭവുമാണ്.

7 വൃക്ഷങ്ങൾക്ക് ഭൂമിയിൽ വേരുണ്ട്.

അതുകൊണ്ട് ഉറച്ചുനിൽക്കുന്നു.

8 കർഷകത്തൊഴിലാളികൾ പട്ടിണികിടക്കേണ്ടിവരുന്നു.

എന്നിട്ടും അവർ പ്രതിഷേധിക്കുന്നില്ല.

**അഭംഗി പരിഹരിച്ചെഴുതുക.**

1 കുട്ടികൾ ക്ലാസ് തുടങ്ങുന്നതിനുമുൻപ് സ്കൂളിൽ വരണം.

2 തിങ്കളാഴ്ച കലോത്സവവും കായികോത്സവം ചൊവ്വാഴ്ചയോ ബുധനാഴ്ചയോ നടത്തുന്നതാണ്.

3 കുട്ടികൾ അകാരണമായി വരാതിരിക്കുകയോ താമസിച്ചുവന്ന് ക്ലാസിൽ കയറുകയും ചെയ്യുന്നത് ശിക്ഷാർഹമാണ്.

4 നാളെ രാവിലെ പത്തുമണി മുതൽ പൊതുയോഗം നടത്തപ്പെടും.

5 സ്കൂൾവാർഷികസമ്മേളനത്തിലേക്ക് എല്ലാവരെയും സവിനയം സ്വാഗതം ചെയ്തുകൊള്ളുന്നു.

6 കുടുംബാംഗങ്ങൾ തമ്മിലുള്ള പരസ്പരസ്നേഹത്തിന്റെയും ദുഃഖങ്ങൾ പങ്കുവയ്ക്കുന്നതിലൂടെ ലഭിക്കുന്ന സന്തോഷം അനുഭവപ്പെടുന്നതും ഓരോ വിളിയും കാത്ത് എന്ന കഥയിൽ കാണാം.

7 കേവലം കാര്യസാധ്യത്തിനുവേണ്ടി കൊട്ടാരത്തിൽ കഴി!ഞ്ഞിരുന്ന പുഷ്കരന്റെ അടുക്കൽ കലി എത്തപ്പെട്ടു.

8 ധ്വന്യാർത്ഥവുംവ്യംഗ്യാർത്ഥം മുതലായവയുടെ ഉപയോഗം കവിതയ്ക്ക് ആസ്വാദ്യമാക്കുന്നു.

9 നാളെയോ അതിനടുത്ത ഏതെങ്കിലുമോരു ദിവസം കാലവർഷം ആരംഭിക്കും.

**അർത്ഥവ്യത്യാസം കണ്ടെത്തൽ (അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കുറിക്കുക)**

1. ശരീരമാകെ നീർക്കോൾകൊണ്ടു വിങ്ങി വിളറിയിരിക്കുന്നു.

   ഒരു ചട്ടിയുടെ അപ്പുറവും ഇപ്പുറവും ഇരിക്കുന്നു

2. സുധീർ ഓർത്തുപോയി.

   മാഡംതലത്ത് അകത്തേക്ക് പോയി.

3. ഴാങ് വാൾ ഴാങ് കുട്ട പുറത്തേയ്ക്ക്കളഞ്ഞു.

   മതിൽ കടന്ന് ഇരുളിലേക്ക് മറഞ്ഞുകളഞ്ഞു.

4. കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തെ വരികയാൽ ബെഞ്ചിൽ സമീപത്തിരുന്ന കാരണവർ എണീറ്റുപോയി.

   പാഥേയം പുളിച്ചുപോയി.

5. പാണ്ടവർ ശിബിരത്തിന് പുറത്ത് പോയിരുന്നു.

   ദുരധ്യോനന്റെ അടുത്ത് ഇരുന്നു.

6. പുതിയ അവസ്ഥയുമായി അമ്മ പതുക്കെപ്പതുക്കെ ഇണങ്ങി വരുന്നു.

   അമ്മ നഗരത്തിലെക്ക് വരുന്നു

**വിഗ്രഹിക്കൽ**

**താഴെ കാണുന്ന പദങ്ങൾ മാതൃകപോലെ വിഗ്രഹിച്ചെഴുതുക. കൂടുതൽ പദങ്ങൾ പുസ്തകത്തിൽനിന്ന് കണ്ടെത്തി വിഗ്രഹിക്കുക.**

**മാതൃക**

| | |
|---|---|
| താപസോചിതം | താപസന് ഉചിതം |
| പല്ലിൻമൊട്ടുകൾ | മൊട്ടുകൾ പോലെയുള്ള പല്ല് |
| അസാധ്യം | |
| വാത്സല്യപൂരം | |
| കൊലക്കയർ | |
| പ്രയത്നഫലം | |
| ചീത്തപ്പേര് | |
| ചൂതസായകൻ | |

**പദം പിരിച്ചെഴുതൽ**

പുസ്തകത്തിൽനിന്ന് കൂടുതൽ പദങ്ങൾ കണ്ടെത്തി മാതൃകപോലെ പിരിച്ചെഴുതുക.

**മാതൃക**

| | |
|---|---|
| നന്നല്ല | നന്നു് + അല്ല |
| പടിയിറങ്ങി | പടി + ഇറങ്ങി |
| മഞ്ഞപ്പുല്ല് | മഞ്ഞ + പുല്ല് |
| വെണ്ണീർ | വെൺ + നീർ |
| കാലാഹി | കാല + അഹി |

**ആസ്വാദനക്കുപ്പ്**

**പ്രമേയം,ആവിഷ്കാരഭംഗി,സമകാലികപ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനക്കുപ്പ് തയാറാക്കുക.**

പള്ളിക്കൂടത്തിലെ നല്ലിടവേളകൾ
സംഗീതസാന്ദ്രമായ് ത്തീർത്തൊരു ചങ്ങാതി,
താഴത്തൊരു കുഞ്ഞുറുമ്പിനെപ്പോലുമേ
നോവിച്ചിടാതെ നടന്നുപോകുന്നവൻ,

സായ്പിന്റെ സൈന്യത്തിലിന്നലെപ്പോയ്ചേർന്നു,
വീട്ടിലെ പട്ടിണിയോടു പൊരുതുവാൻ.
'ഇല്ലിനി ക്ലാസിൽ വരില്ലീ ഞാ'നെന്നവൻ
ചൊല്ലിയെന്നോടന്നു യാത്ര പറഞ്ഞീടവേ,

'എന്നിനിക്കാണും' എൻകണ്ണുകൾ ചോദിച്ചു!
ഒന്നാമിഴിയീറനായതേയുത്തരം!
ആരോ വിരൽചൂണ്ടി 'ശത്രു'വെന്നോതിടും
ആരുടെയോ നേർക്ക് തോക്കുമായ് പായുന്ന

പാവമെൻ ചങ്ങാതിയെയന്നൊരു പേക്കിനാവിൽ
ഞാൻ കണ്ടു, നടുങ്ങിയുണർന്നുപോയ്!
പിന്നെയൊരുനാളയലത്തൊരു വീട്ടിൽ
നിന്നൊരു കൂട്ടനിലവിളികേട്ടു ഞാൻ.

യുദ്ധരംഗത്ത് മരിച്ച ഭടൻതന്റെ
പെട്ടിയും ഭാണ്ഡവും വീട്ടിൽ വന്നെത്തുന്നു....
പൊട്ടിക്കരഞ്ഞതില്ലെത്രയോ വീടുകൾ
യുദ്ധം ജയിച്ചെന്ന വാർത്ത ചമയ്ക്കുവാൻ!.....
ഒ.എൻ.വി.കുറിപ്പ്

## ഉത്തരസൂചനകൾ

### കാവ്യഭംഗി

1 ആദ്യരണ്ട് വരികളിൽ രണ്ടാമത്തെ അക്ഷരം ഒരുപോലെയാണ്. ല എന്ന അക്ഷരം ആവർത്തിച്ചുവരുന്നു. ആലയസംഗമത്തെ വഴിയമ്പലത്തിലെ കൂടിക്കാഴ്ചയോടും, നദിയിലൂടെ ഒഴുകിവരുന്ന തടിയോടും താരതമ്യപ്പെടുത്തുന്നു.

2 രണ്ടാമത്തെ അക്ഷരം ഒരുപോലെയാണ്. സർവ്വദമനനെ തീപ്പൊരിയോട് താരതമ്യപ്പെടുത്തുന്നു.

3 ഷ്ട എന്ന കൂട്ടക്ഷരം എല്ലാ വരിയിലും ഒരേ സ്ഥാനത്ത് ആവർത്തിക്കുന്നു. ഹ ഭവാൻ എന്ന പ്രയോഗം.

4 ആദ്യരണ്ട് വരികളിൽ രണ്ടാമത്തെ അക്ഷരം ഒരുപോലെയാണ്. അടുത്ത രണ്ട് വരികളിൽ രണ്ടാമത്തെ അക്ഷരം ഒരുപോലെയാണ്. സർഗ്ഗശക്തിയെ കുതിരയായി സങ്കല്പിക്കുന്നു.

5 പല്ലു കൊഴിഞ്ഞൊരു പാട്ട് എന്ന പ്രയോഗം. പ എന്ന അക്ഷരം ആവർത്തിച്ചുവരുന്നു.

6 അമ്മ എന്ന പദം ഒരേ സ്ഥാനത്ത് ആവർത്തിക്കുന്നു. അമ്മ എന്ന പദത്തിന്റെ അർത്ഥത്തിലുള്ള വ്യത്യാസം.

**അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കി മാറ്റുക**

1. ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കണം.

അതിന് ഒരാൾക്കു മരംകൊണ്ടുള്ള മുള്ളും കയ്‌ലുംകൂടി ആവശ്യമില്ല.

2. ഇത്രയും ദൂരം വന്നു.

എന്നിട്ടും ആളെ കാണാതെ പോകണമല്ലോ എന്നോർത്തപ്പോൾ അയാൾക്ക് വിഷമം തോന്നി.

3. കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തെ വന്നു.

ആകയാൽ ബെഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റുപോയി.

4. രൂപംകൊണ്ട് വ്യക്തിയെ പിടികിട്ടിയില്ല.

വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.

5. ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണ്.

എങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തുനിന്നു വരുന്നതുപോലെ മിറലിന് വീട് അപരിചിതമായി തോന്നി.

6. പാതിരായ്ക്കുശേഷം ആറണ കൊടുത്ത് നാഴി അരിയും നാലുചക്രത്തിനു

കപ്പയും വാങ്ങി. അതുമായികോരൻ കൊട്ടിലിൽ ചെന്നു.

7. ഒരു പ്രത്യേക മതത്തെ ആസ്പദമാക്കി ശ്രീനാരായണഗുരു ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

ഇക്കാര്യം ഇവിടെ വിസ്മരിക്കുന്നില്ല.

8 ചുറ്റുപാടും നിരവധി ആളുകളുണ്ടായിരുന്നു,

എന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അയാളെ വലയം ചെയ്തു.

**അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി മാറ്റുക**

1 റേഡിയോ വാങ്ങിക്കണമെന്ന് അയാൾ അഭിമാനത്തോടെ തെല്ലുറക്കെ പറഞ്ഞു.

2 യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറെ പാലിക്കപ്പെട്ടെങ്കിലും പിന്നീട് അതുമിതുമായി ലംഘിക്കപ്പെട്ടുതുടങ്ങി.

3 ഞാൻ ചവർകൂമ്പാരത്തിൽ കൈയിട്ടിളക്കി എല്ലാം കീഴ്മേൽ മറിച്ചിടും.

4 പാതിരാക്കുശേഷം ആറണ കൊടുത്തുവാങ്ങിയ നാഴി അരിയും നാലുചക്രത്തിനു കപ്പയുമായി കോരൻ കൊട്ടിലിൽ ചെന്നപ്പോൾ ചിരുത ഉറങ്ങിയിരുന്നില്ല.

5 അങ്ങനെ ആശങ്ക നിറഞ്ഞ ഒരു പത്തുകൊല്ലം കഴിഞ്ഞപ്പോഴും കേവലം ഇച്ഛാശക്തി കൊണ്ടെന്നപോലെ ആ മാവു നിന്നു.

6 കൊയ്ത്തുകാലത്ത് നല്ല കച്ചവടവും നല്ല ലാഭവും ആണ്.

7 വൃക്ഷങ്ങൾക്ക് ഭൂമിയിൽ വേരുള്ളതുകൊണ്ട് ഉറച്ചുനിൽക്കുന്നു.

8 കർഷകത്തൊഴിലാളികൾ പട്ടിണി കിടക്കേണ്ടിവരുന്നെങ്കിലും പ്രതിഷേധിക്കുന്നില്ല.

**അഭംഗി പരിഹരിച്ചെഴുതുക**

1 ക്ലാസ് തുടങ്ങുന്നതിനുമുൻപ് കുട്ടികൾ സ്കൂളിൽ വരണം.

2 തിങ്കളാഴ്ച കലോത്സവവും ചൊവ്വാഴ്ചയോ ബുധനാഴ്ചയോ കായികോത്സവവും നടത്തുന്നതാണ്.

3 കുട്ടികൾ അകാരണമായി വരാതിരിക്കുകയോ താമസിച്ചുവന്ന് ക്ലാസിൽ കയറുകയോചെയ്യുന്നത് ശിക്ഷാർഹമാണ്.

4 നാളെ രാവിലെ പത്തുമണി മുതൽ പൊതുയോഗം നടത്തും.

5 സ്കൂൾവാർഷികസമ്മേളനത്തിലേക്ക് എല്ലാവരെയും സവിനയം സ്വാഗതം ചെയ്യുന്നു.

6 കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും, ദുഃഖങ്ങൾ പങ്കുവയ്ക്കുന്നതിലൂടെ ലഭിക്കുന്ന സന്തോഷവും, ഓരോ വിളിയും കാത്ത് എന്ന കഥയിൽ കാണാം.

7 കൊട്ടാരത്തിൽ കഴിഞ്ഞിരുന്ന പുഷ്കരന്റെ അടുക്കൽ കേവലം കാര്യസാധ്യത്തിനുവേണ്ടി കലി എത്തി.

8 ധ്വന്യാർത്ഥം വ്യംഗ്യാർത്ഥം മുതലായവയുടെ ഉപയോഗം കവിതയെ ആസ്വാദ്യമാക്കുന്നു.

9. നാളെയോ അതിനടുത്ത ഏതെങ്കിലുമൊരു ദിവസമോ കാലവർഷം ആരംഭിക്കും.

**അർത്ഥവ്യത്യാസം കണ്ടെത്തൽ**

1. വിളറിയിരിക്കുന്നു - വിളറിയെന്ന പ്രവൃത്തിയുടെ അർത്ഥത്തിൽ മാറ്റം ഉണ്ടാക്കുന്നു (വിളറിയെന്ന പ്രവൃത്തി നടന്നിട്ട് അധികകാലമായില്ലെന്ന സൂചന)

ഇരിക്കുന്നു - പ്രവൃത്തിയെ സൂചിപ്പിക്കുന്നു.

2. ഓർത്തുപോയി - ഓർത്തുവെന്ന പ്രവൃത്തിയുടെ അർത്ഥത്തിൽ മാറ്റം ഉണ്ടാക്കുന്നു (യാദൃശ്ചികമായി സംഭവിച്ചതെന്ന സൂചന)

പോയി - പ്രവൃത്തിയെ സൂചിപ്പിക്കുന്നു.

3. കളഞ്ഞു - പ്രവൃത്തിയെ സൂചിപ്പിക്കുന്നു. മറഞ്ഞുകളഞ്ഞു മറഞ്ഞുവെന്ന പ്രവൃത്തിയുടെ അർത്ഥത്തിൽ മാറ്റം ഉണ്ടാക്കുന്നു (അപ്രതീക്ഷിതമായി സംഭവിച്ചതെന്ന സൂചന)

4. എണീറ്റുപോയി - പോയി എന്ന പ്രവൃത്തിയെ സൂചിപ്പിക്കുന്നു.

പുളിച്ചുപോയി - പുളിച്ചുവെന്ന പ്രവൃത്തിയുടെ അർത്ഥത്തിൽ മാറ്റം ഉണ്ടാക്കുന്നു (യാദൃശ്ചികമായി സംഭവിച്ചതെന്ന സൂചന)

5. പോയിരുന്നു - വിളറിയെന്ന പ്രവൃത്തിയുടെ അർത്ഥത്തിൽ മാറ്റം ഉണ്ടാക്കുന്നു (വിളറിയെന്ന പ്രവൃത്തി നടന്നിട്ട് അധികകാലമായില്ലെന്ന സൂചന)

ഇരുന്നു - പ്രവൃത്തിയെ സൂചിപ്പിക്കുന്നു.

6. ഇണങ്ങിവരുന്നു - ഇണങ്ങിയെന്ന പ്രവൃത്തിയുടെ അർത്ഥത്തിൽ മാറ്റം ഉണ്ടാക്കുന്നു ( ഒരു പ്രവൃത്തിസംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന സൂചന)

വരുന്നു - പ്രവൃത്തിയെ സൂചിപ്പിക്കുന്നു.

**വിഗ്രഹിക്കൽ**

| സമസ്തപദം | വിഗ്രഹം |
|---|---|
| അസാധ്യം | സാധ്യമല്ലാത്തത് |
| വാത്സല്യപൂരം | വാത്സല്യത്തിന്റെ പൂരം |
| രാജ്യദേഹാദികൾ | രാജ്യം ദേഹം ആദിയായവ |
| ക്ഷണപ്രഭാചഞ്ചലം | ക്ഷണപ്രഭ പോലെ ചഞ്ചലം |
| വഹ്നിസന്തപ്തം | വഹ്നിയാൽ സന്തപ്തം |

| | |
|---|---|
| അംബുബിന്ദു | അംബുവിന്റെ ബിന്ദു |
| കാലാഹി | കാലമാകുന്ന അഹി |
| മർത്ത്യജന്മം | മർത്ത്യൻ എന്ന ജന്മം |
| സ്വപ്നതുല്യം | സ്വപ്നത്തിന് തുല്യം |
| മാനസതാര് | മാനസമാകുന്ന താര് |
| ദേഹാഭിമാനം | ദേഹത്തെക്കുറിച്ചുള്ള അഭിമാനം |
| മോക്ഷാർത്ഥി | മോക്ഷം അർത്ഥിക്കുന്നവൻ |
| ഗളരോമങ്ങൾ | ഗളത്തിലെ രോമങ്ങൾ |
| സിംഹബാലൻ | ബാലനായ സിംഹം |
| വീരബാലൻ | വീരനായ ബാലൻ |
| പൂമേനി | പൂപോലുള്ള മേനി |
| സർവദമനൻ | സർവതിനെയും ദമനം ചെയ്യുന്നവൻ |
| കളിക്കോപ്പ് | കളിക്കാനുള്ള കോപ്പ് |
| വിരൽനിര | വിരലുകളുടെ നിര |
| പല്ലിൻമൊട്ടുകൾ | മൊട്ടുകൾ പോലെയുള്ള പല്ല് |
| ധരണീഭരണം | ധരണിയിലെ ഭരണം |
| മനോവിചാരം | മനസ്സിലെ വിചാരം |
| താംബൂലരാഗം | താംബൂലത്തിന്റെ രാഗം |
| കുലവില്ല് | കുലത്തിലെ വില്ല് |
| സൗമ്യഭാവം | സൗമ്യം എന്ന ഭാവം |
| കാഹളശബ്ദം | കാഹളത്തിന്റെ ശബ്ദം |
| വൃദ്ധസ്ത്രീ | വൃദ്ധയായ സ്ത്രീ |
| വെള്ളിസ്സാമാനം | വെള്ളികൊണ്ടുള്ള സാമാനം |
| ശ്വാസാവേഗം | ശ്വാസത്തിന്റെ ആവേഗം |
| ഇരുമ്പുവിളക്ക് | ഇരുമ്പുകൊണ്ടുള്ള വിളക്ക് |
| ആഹ്ലാദപൂർവം | ആഹ്ലാദത്തോടുകൂടി |
| ഭാവവിശേഷം | ഭാവത്തിലെ വിശേഷം |
| സഗൗരവം | ഗൗരവത്തോടുകൂടി |
| മതാചാര്യൻ | മതത്തിന്റെ ആചാര്യൻ |
| മെഴുകുതിരിക്കാലുകൾ | മെഴുകുതിരി ഉറപ്പിക്കുന്നതിനുള്ള കാലുകൾ |
| അപമര്യാദ | മര്യാദയില്ലാതെ |
| സ്ഥലകാലങ്ങൾ | സ്ഥലവും കാലവും |
| കുറ്റബോധം | കുറ്റത്തെക്കുറിച്ചുള്ള ബോധം |
| അനുതാപപൂർവ്വം | അനുതാപത്തോടുകൂടി |
| ഗൃഹനായിക | ഗൃഹത്തിലെ നായിക |

| | |
|---|---|
| ഭാരതസ്ത്രീ | ഭാരതത്തിലെ സ്ത്രീ |
| അച്ഛനമ്മമാർ | അച്ഛനും അമ്മയും |
| ഇഷ്ടാനിഷ്ടം | ഇഷ്ടവും അനിഷ്ടവും |
| ബന്ധുവലയം | ബന്ധുക്കളുടെ വലയം |
| ഓട്ടുഗ്ലാസ് | ഓടുകൊണ്ടുള്ള ഗ്ലാസ് |
| ജീവിതചര്യ | ജീവിതത്തിലെ ചര്യ |
| താപസോചിതം | താപസന് ഉചിതം |
| സഫലം | ഫലമുള്ളത് |
| സുഖോദയം | സുഖത്തിന്റെ ഉദയം |
| പ്രണയചാപല്യം | പ്രണയത്താലുള്ള ചാപല്യം |
| ചാരുശൈശവകഥ | ചാരുവായ ശൈശവകഥ |
| പൂരിതാഭ | പൂരിതമായ ആഭ |
| സുമോപമം | സുമത്തോട് ഉപമം |
| അപ്രിയം | പ്രിയമല്ലാത്തത് |
| കർമ്മനീതർ | കർമ്മത്താൽ നീതർ |
| അന്യജീവൻ | അന്യന്റെ ജീവൻ |
| പൊതിച്ചോറ് | പൊതിയിലെ ചോറ് |
| പുഴമണൽ | പുഴയിലെ മണൽ |
| താളഭേദം | താളത്തിലെ ഭേദം |
| ഇരുമ്പഴി | ഇരുമ്പ് കൊണ്ടുള്ള അഴി |
| കൊലക്കയർ | കൊലയ്ക്ക് ഉപയോഗിക്കുന്ന കയർ |
| കാക്കക്കരച്ചിൽ | കാക്കയുടെ കരച്ചിൽ |
| തീവണ്ടിമുറി | തീവണ്ടിയിലെ മുറി |
| രാത്രിവണ്ടി | രാത്രിയിൽ ഓടുന്ന വണ്ടി |
| വഴിവിളക്ക് | വഴിയിലെ വിളക്ക് |
| ഇരുമ്പഴിവാതിൽ | ഇരുമ്പഴി കൊണ്ടുള്ള വാതിൽ |
| ജന്മസിദ്ധം | ജന്മത്താൽ സിദ്ധം |
| ഗജാശ്വരഥങ്ങൾ | ഗജങ്ങളുംഅശ്വങ്ങളുംരഥങ്ങളും |
| മനുഷ്യചരിത്രം | മനുഷ്യന്റെ ചരിത്രം |
| ക്ഷാത്രധർമ്മം | ക്ഷത്രിയന്റെ ധർമ്മം |
| കൗരവപ്പട | കൗരവരുടെ പട |
| ആഘാതപ്രത്യാഘാതങ്ങൾ | ആഘാതവും പ്രത്യാഘാതവും |
| കൃപകൃതവർമ്മാശ്വത്ഥാമാക്കൾ | കൃപരും കൃതവർമ്മാവും അശ്വത്ഥാത്മാവും |
| ശിബിരദ്വാരം | ശിബിരത്തിലെ ദ്വാരം |
| ആചാര്യപുത്രൻ | ആചാര്യന്റെ പുത്രൻ |

| | |
|---|---|
| യുദ്ധശ്രാന്തൻ | യുദ്ധത്താൽ ശ്രാന്തനായവൻ |
| യഥേഷ്ടം | ഇഷ്ടം പോലെ |
| മനുഷ്യശ്രേഷ്ഠൻ | മനുഷ്യരിൽ ശ്രേഷ്ഠൻ |
| ഭീമദർശനം | ഭീമമായ ദർശനം |
| ഭാരതേതിഹാസം | ഭാരതം എന്ന ഇതിഹാസം |
| ആയുധകവചാദികൾ | ആയുധം കവചം ആദിയായവ |
| ക്രോധദീപ്തൻ | ക്രോധത്താൽ ദീപ്തൻ |
| നിരർത്ഥകം | അർത്ഥമില്ലാത്തത് |
| ഗാഢനിദ്ര | ഗാഢമായ നിദ്ര |
| സമയകാലങ്ങൾ | സമയവും കാലവും |
| ജീവജാലം | ജീവനുള്ളവയുടെ ജാലം |
| സമയകാലങ്ങൾ | സമയവും കാലവും |
| മരക്കൊമ്പ് | മരത്തിന്റെ കൊമ്പ് |
| സമയനിബന്ധന | സമയം സംബന്ധിച്ച നിബന്ധന |
| മിഥ്യാധാരണ | മിഥ്യയായ ധാരണ |
| കുടിലബുദ്ധി | കുടിലമായ ബുദ്ധി |
| ആത്മസംഘർഷം | ആത്മാവിന്റെ സംഘർഷം |
| ശുദ്ധാത്മാവ് | ശുദ്ധമായ ആത്മാവ് |
| കീറക്കടലാസ് | കീറിയ കടലാസ് |
| കടലാസുപൊതി | കടലാസുകൊണ്ടുള്ള പൊതി |
| പഴന്തുണി | പഴയ തുണി |
| മന്ത്രോച്ചാരണം | മന്ത്രങ്ങളുടെ ഉച്ചാരണം |
| പഴക്കട | പഴം വിൽക്കുന്ന കട |
| ചവറുകൂമ്പാരം | ചവറിന്റെ കൂമ്പാരം |
| ഭൃത്യപ്പണി | ഭൃത്യന്റെ പണി |
| അക്ഷരജ്ഞാനം | അക്ഷരം സംബന്ധിച്ച ജ്ഞാനം |
| വികാരപരവശൻ | വികാരത്താൽ പരവശനായവൻ |
| ബാലസഹജം | ബാലന് സഹജമായത് |
| നിത്യശാന്തി | നിത്യമായ ശാന്തി |
| പൊൻപണം | പൊന്ന് കൊണ്ടുള്ള പണം |
| ദരിദ്രമാതാവ് | ദരിദ്രയായ മാതാവ് |
| പ്രേമാന്ധൻ | പ്രേമത്താൽ അന്ധൻ |
| മാതൃഹൃദയം | മാതാവിന്റെ ഹൃദയം |
| കുടുംബക്ഷേമം | കുടുംബത്തിന്റെ ക്ഷേമം |
| നടപടിദൂഷ്യം | നടപടിയിലെ ദൂഷ്യം |

| | |
|---|---|
| കാട്ടുചോല | കാട്ടിലെ ചോല |
| ചൈതന്യവീചികൾ | ചൈതന്യത്തിന്റെ വീചികൾ |
| കമ്പിളിയുടുപ്പ് | കമ്പിളി കൊണ്ടുള്ള ഉടുപ്പ് |
| കത്തിമുന | കത്തിയുടെമുന |
| ചെളിയിടവഴി | ചെളി നിറഞ്ഞ ഇടവഴി |
| ജനാലപ്പഴുത് | ജനാലയിലെ പഴുത് |
| മരച്ചെരുപ്പ് | മരംകൊണ്ടുള്ള ചെരുപ്പ് |
| അമിതാകാംക്ഷ | അമിതമായ ആകാംക്ഷ |
| മാതാപിതാക്കൾ | മാതാവും പിതാവും |
| ശിരോവസ്ത്രം | ശിരസ്സിൽ ധരിക്കുന്ന വസ്ത്രം |
| പുകമഞ്ഞ് | പുകപോലുള്ള മഞ്ഞ് |
| റാന്തൽനാളം | റാന്തലിന്റെ നാളം |
| ഭക്ഷണമേശ | ഭക്ഷണം കഴിക്കുന്നതിനുള്ള മേശ |
| മഞ്ഞവെളിച്ചം | മഞ്ഞ നിറത്തിലുള്ള വെളിച്ചം |
| വാത്സല്യാർദ്രം | വാത്സല്യത്താൽ ആർദ്രം |
| ഹർഷോന്മാദം | ഹർഷത്താൽ ഉന്മാദം |
| കൈത്താമര | താമരപോലുള്ള കൈ |
| കൺപോള | കണ്ണിലെ പോള |
| പ്ലാവിലക്കഞ്ഞി | പ്ലാവിലയിൽ കോരിയ കഞ്ഞി |
| പട്ടിണിക്കാലം | പട്ടിണിയുള്ള കാലം |
| അപരാധബോധം | അപരാധം ചെയ്തെന്ന ബോധം |
| അക്ഷന്തവ്യം | ക്ഷമിക്കാനാവാത്തത് |
| പുറവേലി | പുറത്തെ വേലി |
| പ്രയത്നഫലം | പ്രയത്നത്തിന്റെ ഫലം |
| ചീത്തപ്പേര് | ചീത്തയായ പേര് |
| മന്ദഹാസം | മന്ദമായ ഹാസം |
| കരിയില | കരിഞ്ഞ ഇല |
| മരക്കൊമ്പ് | മരത്തിന്റെ കൊമ്പ് |
| അപ്രതീക്ഷിതം | പ്രതീക്ഷിക്കാത്തത് |
| ചിറകടിയൊച്ച | ചിറകടിയുടെ ഒച്ച |
| നെല്ലിൻകുല | നെല്ലിന്റെ കുല |
| തിമിരപ്പടർപ്പുകൾ | തിമിരത്തിന്റെ പടർപ്പുകൾ |
| ദാഹജലം | ദാഹം ശമിപ്പിക്കുന്നതിനുള്ള ജലം |
| പിഞ്ഞാണവർണ്ണം | പിഞ്ഞാണത്തിന്റെ വർണ്ണം |
| കൈച്ചുള്ളികൾ | ചുള്ളികൾ പോലുള്ള കൈ |

| | |
|---|---|
| സൂചിപ്രയോഗം | സൂചികൊണ്ടുള്ള പ്രയോഗം |
| വിദ്യാലയമുറ്റം | വിദ്യാലയത്തിലെ മുറ്റം |
| കാച്ചെണ്ണ | കാച്ചിയ എണ്ണ |
| നിർദയം | ദയയില്ലാതെ |
| ഉണ്ണിമാങ്ങ | ഉണ്ണിയായ മാങ്ങ |
| ചക്കക്കുരു | ചക്കയുടെ കുരു |
| കൊതിയസമാജം | കൊതിയന്മാരുടെ സമാജം |
| ചുള്ളിക്കമ്പ് | ചുള്ളിയായ കമ്പ് |
| ചൂതസായകൻ | ചൂതം സായകമാക്കിയവൻ |
| കവിതാങ്കണം | കവിതയുടെ അങ്കണം |
| കാലയവനിക | കാലമാകുന്ന യവനിക |
| ചാവേറ്റുപട | ചാവേറുകളുടെ പട |
| യുദ്ധകാലം | യുദ്ധം നടക്കുന്ന കാലം |
| മധുരോദാരം | മധുരവും ഉദാരവും |
| പാവനഭാവം | പാവനമായ ഭാവം |
| കരവിരൽ | കരത്തിലെ വിരൽ |
| വെള്ളിത്താലം | വെള്ളികൊണ്ടുള്ള താലം |
| മലയാളത്തറവാട് | മലയാളം എന്ന തറവാട് |
| ഗ്രാമപ്പെൺകൊടി | ഗ്രാമത്തിലെ പെൺകൊടി |
| കാഞ്ചനസിംഹാസനം | കാഞ്ചനം കൊണ്ടുള്ള സിംഹാസനം |
| നിസ്സാരം | സാരമല്ലാത്തത് |
| അസഹനീയം | സഹിക്കാൻ കഴിയാത്തത് |
| കോഴിയിറച്ചി | കോഴിയുടെ ഇറച്ചി |
| ഉപകാരസ്മരണ | ഉപകാരത്തിന്റെ സ്മരണ |
| ഗൃഹനായിക | ഗൃഹത്തിലെ നായിക |
| പരോപകാരം | പരന് ഉപകാരം |
| മുഖ്യമാർഗം | മുഖ്യമായ മാർഗം |
| തപശ്ശക്തി | തപസ്സിലൂടെ ലഭിക്കുന്ന ശക്തി |
| സ്വാതന്ത്ര്യബോധം | സ്വാതന്ത്ര്യത്തെ സംബന്ധിച്ച ബോധം |
| അലസജീവിതം | അലസമായ ജീവിതം |
| മനുഷ്യജാതി | മനുഷ്യൻ എന്ന ജാതി |
| ഗുരുവചനം | ഗുരുവിന്റെ വചനം |
| മതാതീതൻ | മതത്തിന് അതീതൻ |
| ഒഴിയാബാധ | ഒഴിയാത്ത ബാധ |
| വ്യംഗ്യാർത്ഥം | വ്യംഗ്യമായ അർത്ഥം |

| | |
|---|---|
| പ്രതിദിനം | ദിനം തോറും |
| പരിഹാസചരുതൻ | പരിഹസിക്കുന്നതിൽ ചരുതൻ |
| പണപ്പെട്ടി | പണം സൂക്ഷിക്കുന്ന പെട്ടി |
| ചോറ്റുപാത്രം | ചോറ് കൊണ്ടുപോകുന്നതിനുള്ള പാത്രം |
| ചലച്ചിത്രഗാനങ്ങൾ | ചലച്ചിത്രത്തിലെ ഗാനങ്ങൾ |
| കണ്ഠശുദ്ധി | കണ്ഠത്തിന് ശുദ്ധി |
| സ്വർണ്ണക്കമ്മൽ | സ്വർണ്ണം കൊണ്ടുള്ള കമ്മൽ |
| തുണിസഞ്ചി | തുണി കൊണ്ടുള്ള സഞ്ചി |
| പട്ടണക്കോപ്പ് | പട്ടണത്തിലെ കോപ്പ് |
| സുന്ദരദൃഷ്ടി | സുന്ദരമായ ദൃഷ്ടി |
| മൊഴിച്ചന്തം | മൊഴിയുടെ ചന്തം |

**പദം പിരിച്ചെഴുതൽ**

| | |
|---|---|
| നന്നല്ല | നന്ന്+അല്ല |
| ഒരനക്കം | ഒരു + അനക്കം |
| രണ്ടെണ്ണം | രണ്ട് + എണ്ണം |
| ഒരഗ്നിപർവ്വതം | ഒരു + അഗ്നിപർവ്വതം |
| അതനുസരിച്ച് | അത് + അനുസരിച്ച് |
| ചെയ്തില്ല | ചെയ്തു + ഇല്ല |
| അറികെടോ | അറിക + എടോ |
| കിട്ടിയില്ലെങ്കിൽ | കിട്ടിയില്ല + എങ്കിൽ |
| അതെടുത്ത് | അത് + എടുത്ത് |
| ഉറങ്ങിയിട്ടുണ്ടാവില്ല | ഉറങ്ങിയിട്ട് + ഉണ്ടാവില്ല |
| വായിച്ചറിഞ്ഞു | വായിച്ച് + അറിഞ്ഞു |
| പടിയിറങ്ങി | പടി + ഇറങ്ങി |
| അയാൾ | അ + ആൾ |
| തന്നെയോർത്ത് | തന്നെ + ഓർത്ത് |
| ധാരയാർന്ന | ധാര + ആർന്ന |
| തോന്നിയില്ല | തോന്നി + ഇല്ല |
| തീവണ്ടിയാപ്പീസ് | തീവണ്ടി + ആപ്പീസ് |
| കമ്പിളിയുടുപ്പ് | കമ്പിളി + ഉടുപ്പ് |
| കരിയിലകൾ | കരി + ഇലകൾ |
| പനയോല | പന + ഓല |
| തൊണ്ടയിടറി | തൊണ്ട + ഇടറി |
| മേശപ്പുറം | മേശ + പുറം |

| | |
|---|---|
| മഞ്ഞപ്പുല്ല് | മഞ്ഞ + പുല്ല് |
| പൊതിച്ചോറ് | പൊതി + ചോറ് |
| പഴക്കട | പഴ + കട |
| തീക്കനൽ | തീ + കനൽ |
| വെള്ളിത്താലം | വെള്ളി + താലം |
| ഓണക്കോടി | ഓണ + കോടി |
| കാപ്പിക്കട | കാപ്പി + കട |
| വെണ്ണീർ | വെൺ + നീർ |
| കണ്ണീര് | കൺ + നീര് |
| ദിഗ്വിജയം | ദിക് + വിജയം |
| പൊൽക്കിഴി | പൊൻ + കിഴി |
| പൊൽക്കരൾ | പൊൻ + കരൾ |
| കാലാഹി | കാല + അഹി |
| മോക്ഷാർത്ഥി | മോക്ഷ + അർത്ഥി |
| പ്രത്യക്ഷം | പ്രതി + അക്ഷം |
| താപസോചിതം | താപസ + ഉചിതം |
| സുഖോദയം | സുഖ + ഉദയം |
| സുമോപമം | സുമ + ഉപമം |
| സർവ്വാസ്ത്രം | സർവ്വ + അസ്ത്രം |
| വിരുദ്ധാർത്ഥം | വിരുദ്ധ + അർത്ഥം |
| മന്ത്രോച്ചാരണം | മന്ത്ര + ഉച്ചാരണം |
| പ്രേമാന്ധൻ | പ്രേമ + അന്ധൻ |
| ഹർഷോന്മാദം | ഹർഷ + ഉന്മാദം |
| ശാഖോപശാഖകൾ | ശാഖ + ഉപശാഖകൾ |
| നവോത്ഥാനം | നവ + ഉത്ഥാനം |
| വിദ്യാഭ്യാസം | വിദ്യ + അഭ്യാസം |
| അത്യാവശ്യം | അതി + ആവശ്യം |
| ദേഹോഹം | ദേഹ + അഹം |
| പരമോച്ച | പരമ + ഉച്ച |
| മധുരോദാരം | മധുര + ഉദാരം |
| തപശ്ചര്യ | തപസ് + ചര്യ |
| അഭ്യുദയം | അഭി + ഉദയം |
| ബ്രാഹ്മണോഹം | ബ്രാഹ്മണ + അഹം |
| ഭരണാധികാരി | ഭരണ + അധികാരി |

**ആസ്വാദനക്കുറിപ്പ്**

സൂചനകൾ

- പ്രമേയം
- ഇതിവൃത്തം
- സവിശേഷപ്രയോഗങ്ങൾ
- കാവ്യഭംഗി
- സമകാലികപ്രസക്തി

| | |
|---|---|
| പ്ലാവിലക്കഞ്ഞി | പ്ലാവിലയിൽ കോരിയ കഞ്ഞി |
| പട്ടിണിക്കാലം | പട്ടിണിയുള്ള കാലം |
| അപരാധബോധം | അപരാധം ചെയ്തെന്ന ബോധം |
| അക്ഷന്തവ്യം | ക്ഷമിക്കാനാവാത്തത് |
| പുറവേലി | പുറത്തെ വേലി |
| പ്രയത്നഫലം | പ്രയത്നത്തിന്റെ ഫലം |
| ചീത്തപ്പേര് | ചീത്തയായ പേര് |
| മന്ദഹാസം | മന്ദമായ ഹാസം |
| കരിയില | കരിഞ്ഞ ഇല |
| മരക്കൊമ്പ് | മരത്തിന്റെ കൊമ്പ് |
| അപ്രതീക്ഷിതം | പ്രതീക്ഷിക്കാത്തത് |
| ചിറകടിയൊച്ച | ചിറകടിയുടെ ഒച്ച |
| നെല്ലിൻകുല | നെല്ലിന്റെ കുല |
| തിമിരപ്പടർപ്പുകൾ | തിമിരത്തിന്റെ പടർപ്പുകൾ |
| ദാഹജലം | ദാഹം ശമിപ്പിക്കുന്നതിനുള്ള ജലം |
| പിഞ്ഞാണവർണ്ണം | പിഞ്ഞാണത്തിന്റെ വർണ്ണം |
| കൈച്ചുള്ളികൾ | ചുള്ളികൾ പോലുള്ള കൈ |
| സൂചിപ്രയോഗം | സൂചികൊണ്ടുള്ള പ്രയോഗം |
| വിദ്യാലയമുറ്റം | വിദ്യാലയത്തിലെ മുറ്റം |
| കാച്ചെണ്ണ | കാച്ചിയ എണ്ണ |
| നിർദയം | ദയയില്ലാതെ |
| ഉണ്ണിമാങ്ങ | ഉണ്ണിയായ മാങ്ങ |
| ചക്കക്കുരു | ചക്കയുടെ ക്കുരു |
| കൊതിയസമാജം | കൊതിയന്മാരുടെ സമാജം |
| ചുള്ളിക്കമ്പ് | ചുള്ളിയായ കമ്പ് |
| ചൂതസായകൻ | ചൂതം സായകമായവൻ |
| കവിതാങ്കണം | കവിതയുടെ അങ്കണം |
| കാലയവനിക | കാലമാകുന്ന യവനിക |
| ചാവേറ്റുപട | ചാവേറുകളുടെ പട |
| യുദ്ധകാലം | യുദ്ധം നടക്കുന്ന കാലം |
| മധുരോദാരം | മധുരവും ഉദാരവും |
| പാവനഭാവം | പാവനമായ ഭാവം |
| കരവിരൽ | കരത്തിലെ വിരൽ |
| വെള്ളിത്താലം | വെള്ളികൊണ്ടുള്ള താലം |
| മലയാളത്തറവാട് | മലയാളം എന്ന തറവാട് |

| | |
|---|---|
| ഗ്രാമപ്പെൺകൊടി | ഗ്രാമത്തിലെ പെൺകൊടി |
| കാഞ്ചനസിംഹാസനം | കാഞ്ചനം കൊണ്ടുള്ള സിംഹാസനം |
| നിസ്സാരം | സാരമല്ലാത്തത് |
| അസഹനീയം | സഹിക്കാൻ കഴിയാത്തത് |
| കോഴിയിറച്ചി | കോഴിയുടെ ഇറച്ചി |
| ഉപകാരസ്മരണ | ഉപകാരത്തിന്റെ സ്മരണ |
| ഗൃഹനായിക | ഗൃഹത്തിലെ നായിക |
| പരോപകാരം | പരന് ഉപകാരം |
| മുഖ്യമാർഗം | മുഖ്യമായ മാർഗം |
| തപശ്ശക്തി | തപസ്സിലൂടെ ലഭിക്കുന്ന ശക്തി |
| സ്വാതന്ത്ര്യബോധം | സ്വാതന്ത്ര്യത്തെ സംബന്ധിച്ച ബോധം |
| അലസജീവിതം | അലസമായ ജീവിതം |
| മനുഷ്യജാതി | മനുഷ്യൻ എന്ന ജാതി |
| ഗുരുവചനം | ഗുരുവിന്റെ വചനം |
| മതാതീതൻ | മതത്തിന് അതീതൻ |
| ഒഴിയാബാധ | ഒഴിയാത്ത ബാധ |
| വ്യംഗ്യാർത്ഥം | വ്യംഗ്യമായ ർത്ഥം |
| പ്രതിദിനം | ദിനം തോറും |
| പരിഹാസചതുരൻ | പരിഹാസിക്കുന്നതിൽ ചതുരൻ |
| പണപ്പെട്ടി | പണം സൂക്ഷിക്കുന്ന പെട്ടി |
| ചോറ്റുപാത്രം | ചോറ് കൊണ്ടുപോകുന്നതിനുള്ള പാത്രം |
| ചലച്ചിത്രഗാനങ്ങൾ | ചലച്ചിത്രത്തിലെ ഗാനങ്ങൾ |
| കണ്ഠശുദ്ധി | കണ്ഠത്തിന് ശുദ്ധി |
| സ്വർണ്ണക്കമ്മൽ | സ്വർണ്ണം കൊണ്ടുള്ള കമ്മൽ |
| തുണിസഞ്ചി | തുണി കൊണ്ടുള്ള സഞ്ചി |
| പട്ടണക്കോപ്പ് | പട്ടണത്തിലെ കോപ്പ് |
| സുന്ദരദൃഷ്ടി | സുന്ദരമായ ദൃഷ്ടി |
| മൊഴിച്ചന്തം | മൊഴിയുടെ ചന്തം |

**പദം പിരിച്ചെഴുതൽ**

| | |
|---|---|
| നന്നല്ല | നന്ന് + അല്ല |
| ഒരനക്കം | ഒരു + അനക്കം |
| രണ്ടെണ്ണം | രണ്ടു + എണ്ണം |
| ഒരഗ്നിപർവ്വതം | ഒരു + അഗ്നിപർവ്വതം |
| അതനുസരിച്ച് | അത് + അനുസരിച്ച് |
| ചെയ്തില്ല | ചെയ്തു + ഇല്ല |
| അറികെടോ | അറിക + എടോ |
| കിട്ടിയില്ലെങ്കിൽ | കിട്ടിയില്ല + എങ്കിൽ |
| അതെടുത്ത് | അത് + എടുത്ത് |
| ഉറങ്ങിയിട്ടുണ്ടാവില്ല | ഉറങ്ങിയിട്ട് + ഉണ്ടാവില്ല |
| വായിച്ചറിഞ്ഞു | വായിച്ച് + അറിഞ്ഞു |
| പടിയിറങ്ങി | പടി + ഇറങ്ങി |
| അയാൾ | അ + ആൾ |
| തന്നെയോർത്ത് | തന്നെ + ഓർത്ത് |
| ധാരയാർന്ന | ധാര + ആർന്ന |
| തോന്നിയില്ല | തോന്നി + ഇല്ല |
| തീവണ്ടിയാപ്പീസ് | തീവണ്ടി + ആപ്പീസ് |
| കമ്പിളിയുടുപ്പ് | കമ്പിളി + ഉടുപ്പ് |
| കരിയിലകൾ | കരി + ഇലകൾ |
| പനയോല | പന + ഓല |
| തൊണ്ടയിടറി | തൊണ്ട + ഇടറി |
| മേശപ്പുറം | മേശ + പുറം |
| മഞ്ഞപ്പുല്ല് | മഞ്ഞ + പുല്ല് |
| പൊതിച്ചോറ് | പൊതി + ചോറ് |
| പഴക്കട | പഴ + കട |
| തീക്കനൽ | തീ + കനൽ |
| വെള്ളിത്താലം | വെള്ളി + താലം |
| ഓണക്കോടി | ഓണ + കോടി |
| കാപ്പിക്കട | കാപ്പി + കട |
| വെണ്ണീർ | വെൺ + നീർ |
| കണ്ണീർ | കൺ + നീർ |
| പഴന്തുണി | പഴം + തുണി |
| ദിഗ്വിജയം | ദിക് + വിജയം |
| പൊൽക്കിഴി | പൊൻ + കിഴി |

| | |
|---|---|
| പൊൽക്കരൾ | പൊൻ + കരൾ |
| കാലാഹി | കാല + അഹി |
| മോക്ഷാർത്ഥി | മോക്ഷ + അർത്ഥി |
| പ്രത്യക്ഷം | പ്രതി + അക്ഷം |
| താപസോചിതം | താപസ + ഉചിതം |
| സുഖോദയം | സുഖ + ഉദയം |
| സുമോപമം | സുമ + ഉപമം |
| സർവ്വാസ്ത്രം | സർവ്വ + അസ്ത്രം |
| വിരുദ്ധാർത്ഥം | വിരുദ്ധ + അർത്ഥം |
| മന്ത്രോച്ചാരണം | മന്ത്ര + ഉച്ചാരണം |
| പ്രേമാന്തൻ | പ്രേമ + അന്തൻ |
| ഹർഷോന്മാദം | ഹർഷ + ഉന്മാദം |
| ശാഖോപശാഖകൾ | ശാഖ + ഉപശാഖകൾ |
| നവോത്ഥാനം | നവ + ഉത്ഥാനം |
| വിദ്യാഭ്യാസം | വിദ്യ + അഭ്യാസം |
| അത്യാവശ്യം | അതി + ആവശ്യം |
| ദേഹോഹം | ദേഹ + അഹം |
| പരമോച്ച | പരമ + ഉച്ച |
| മധുരോദാരം | മധുര + ഉദാരം |
| തപശ്ചര്യ | തപസ് + ചര്യ |
| അഭ്യുദയം | അഭി + ഉദയം |
| ബ്രാഹ്മണോഹം | ബ്രാഹ്മണ + അഹം |
| ഭരണാധികാരി | ഭരണ + അധികാരി |

**ആസ്വാദനക്കുറിപ്പ്**

- പ്രമേയം
- ഇതിവൃത്തം
- സവിശേഷപ്രയോഗങ്ങൾ
- കാവ്യഭംഗി
- സമകാലികപ്രസക്തി

# അനുബന്ധം 2

## പ്ലാവിലക്കഞ്ഞി

1. 'ചിരുത കൃതകൃത്യയായി.' കൃതകൃത്യയായി എന്നപദത്തിന്റെ സവിശേഷാർത്ഥം എഴുതുക
2. 'അതു കണ്ണുതണുപ്പിക്കുന്ന ഒരു കാഴ്ചയായിരുന്നു.' ചിരുതയും കോരന്റെ അച്ഛനും സംസാരിച്ചിരിക്കുന്ന സന്ദർഭത്തെ ഇങ്ങനെ വിശേഷിപ്പിക്കാൻ കാരണമെന്ത് ?
3. 'ജീവിതത്തിന് എന്തെന്തു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാനാധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അആവിടെ വലിച്ചുകഴിയുന്നത്'.

   പാഠഭാഗവും ആനുകാലികസംഭവങ്ങളും വിശകലനം ചെയ്ത് 'കർഷകരുടെ പ്രശ്നങ്ങൾ അന്നും ഇന്നും' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക
4. ചിരുതയെന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്യുക.

## ഓരോ വിളിയും കാത്ത്

1. 'ഇപ്പോൾ ഇതൊരു വീടല്ല. നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളും ഉണ്ടെങ്കിൽപോലും ഇതൊരു വീടാവുന്നില്ല.' വീടിനെക്കുറിച്ചുള്ള എന്തെല്ലാം സങ്കൽപ്പങ്ങളാണ് ഓരോ വിളിയും കാത്ത് എന്ന കഥയിലുള്ളത്? കണ്ടെത്തിയെഴുതുക.
2. മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടി എന്ന പ്രയോഗം സൂചിപ്പിക്കുന്നതെന്ത്?
3. 'മൂപ്പരെങ്ങോട്ടു <u>പോയി</u>.' മൂപ്പരു <u>പോയി</u>. അടിവരയിട്ടിരിക്കുന്ന പദങ്ങളുടെ അർത്ഥവ്യത്യാസം കുറിക്കുക.
4. വീട് നമുക്ക് വാടകയ്ക്കു കൊടുക്കാം. എന്നാൽ ചീത്തയാവില്ല. മറ്റെല്ലാം കണാരനെ ഏൽപ്പിക്കാം. ഓനതു നന്നായി നോക്കുകേം ചെയ്യും. പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പുതുതലമുറയ്ക്ക് കൃഷിയോടുള്ള മനോഭാവം എന്ന വിഷയത്തിൽ കുറിപ്പ് തയാറാക്കുക.

## അമ്മത്തൊട്ടിൽ

1. കണ്ണുകൾ മങ്ങിപ്പഴകിയ<u>പിഞ്ഞാണവർണമായ്</u>. അടിവരയിട്ടിരിക്കുന്ന പദത്തിന്റെ സവിശേഷാർത്ഥം എഴുതുക.
2. ഏറെത്തണുക്കുന്നു, ചില്ലുയർത്തീടുമ്പോ

   ളോർത്തു, കരിമ്പടം, അമ്മവയറ്റത്തു

   പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്

   കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചയി

   ലോലക്കൊടികൾ പുകയുന്നതിൻ മണം.

   അമ്മയും മകനും തമ്മിലുള്ള വൈകാരികബന്ധമാണ് ഈ വരികളിൽ കാണുന്നത്. വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
3. അമ്മത്തൊട്ടിൽ എന്ന തലക്കെട്ടിന്റെ ഔചിത്യം കണ്ടെത്തിയെഴുതുക.
4. എങ്ങിനി കൊണ്ടിറക്കേണ്ടു (അമ്മത്തൊട്ടിൽ)

   'ഇവിടെ അമ്മയെ തനിച്ചു നിർത്തിയിട്ട് ഞാനെങ്ങന്യാ പോവ്വാ.'

   (ഓരോ വിളിയും കാത്ത്)

   അതൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല. (പ്ലാവിലക്കഞ്ഞി)

   മാതാപിതാക്കളോടുള്ള മക്കളുടെ വ്യത്യസ്തസമീപനങ്ങൾ പരിശോധിച്ച് 'വാർദ്ധക്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

### കൊച്ചുചക്കരച്ചി

1. വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവുതന്നെ. സമർത്ഥിക്കുക.
2. ഉണ്ണിമാങ്ങാപ്പരുവം മുതൽ മാവിൻചുവട്ടിലെസദ്യ ആരംഭിക്കുകയായി. അടിവരയിട്ട പദങ്ങൾ നൽകുന്ന രണ്ട് സൂചനകൾ എഴുതുക.
3. 'എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്നു മധുരം തിന്നു വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം മറഞ്ഞിരുന്നു.'

   'വൃദ്ധമുത്തശ്ശി'യെന്ന പ്രയോഗത്തിന്റെ ഔചിത്യം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
4. കൊച്ചുചക്കരച്ചി വീഴില്ല. വീണാലും ആപത്ത് വരുത്തില്ല. അമ്മയുടെ വാക്കുകളിൽ പ്രകടമാകുന്നതെന്ത്? നിങ്ങളുടെ നിരീക്ഷണം എഴുതുക.

### ഓണമുറ്റത്ത്

1. ഓണത്തപ്പനെ വരവേൽക്കാൻ പ്രകൃതി എങ്ങനെയെല്ലാം ഒരുങ്ങി നിൽക്കുന്നു? കവിത അപഗ്രഥിച്ച് കുറിപ്പ് തയാറാക്കുക.
2. 'ഓണപ്പാട്ടുകളാണെൻ പാട്ടുകൾ' തന്റെ കവിതകളെ ഓണപ്പാട്ടുകളെന്ന് കവി വിശേഷിപ്പിക്കാൻ കാരണമെന്ത്?
3. 'കാലേ രാവു നിറന്ന നിലാവാൽ

   കമുകിൻ പൂവരി തൂകി, ത്തൂമയി

   ലെതിരേറ്റങ്ങനെ നിൽക്കും വഴിയേ

   യെഴുന്നള്ളുകയാണോണത്തപ്പൻ.'

   വരികളുടെ കാവ്യഭംഗി കണ്ടെത്തുക
4. 'എന്നുടെ മുന്നിൽ ഗോമേദകമിഴി

   മിന്നും കാഞ്ചനസിംഹാസനമതിൽ

   മുത്തുക്കുടയും ചൂടിയിരിപ്പൂ

   മൂവുലകാണ്ട മഹാബലിമന്നൻ'

   വാങ്മയചിത്രങ്ങൾ ഓണമുറ്റത്ത് എന്ന കവിതയെ എത്രത്തോളം ആസ്വാദ്യമാക്കുന്നുവെന്ന് വിലയിരുത്തി കുറിപ്പ് തയാറാക്കുക.

### കോഴിയും കിഴവിയും

1. 'പണമുണ്ടെന്ന് ഒരാൾക്കു ഭാവം. കുടുംബസ്ഥിതിയിൽ അഭിമാനം മറ്റവന്.'

   ഈ വരികളിൽമത്തായിയുടെയും മർക്കോസിന്റെയും മനോഭാവം പ്രകടമാകുന്നു. ഇത് വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
2. 'മകനേ മൂട് മറക്കരുത്.' അമ്മയുടെ വാക്കുകളിൽ സൂചിതമാകുന്നതെന്ത്?
3. 'കണ്ണിൽ കൂടി വരേണ്ട വെള്ളം വായിൽകൂടി വരിക.' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

### ശ്രീനാരായണഗുരു

1. 'ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥൻ' ശ്രീനാരായണഗുരുവിനെ ലേഖകൻ ഇങ്ങനെ വിലയിരുത്തിയതിന്റെ കാരണങ്ങൾ എഴുതുക?
2. മറ്റു സന്യാസിമാരിൽ നിന്ന് ശ്രീനാരായണഗുരു എങ്ങനെയാണ് വ്യത്യസ്തനാവുന്നത്?
3. അല്പഭാഷണം കൊണ്ടും ലളിതോദാഹരണങ്ങളിൽ കൂടിയും ഗുരു ആശയാവിഷ്കാരം നടത്തിയതെങ്ങനെയെന്ന് ഉദാഹരണ സഹിതം വിശദമാക്കുക?

## പത്രനീതി

1. ‘പത്രം എന്ന വിരോധാഭാസം ഇതത്രേ’ വിരോധാഭാസം എന്ത് ?
2. ‘പത്രങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ബഹുമതിക്ക് ഒരു കറുത്ത നിഴലുണ്ട്’ ‘കറുത്ത നിഴൽ’എന്ന പ്രയോഗത്തിന്റെ ഔചിത്യം പരിശോധിക്കുക?
3. പത്രങ്ങളെക്കുറിച്ച് ഇബ്സൺ അഭിപ്രായപ്പെട്ടത് എന്താണ്? അങ്ങനെ അഭിപ്രായപ്പെടാൻ കാരണമെന്ത്?
4. ‘നല്ല പത്രം വായിക്കാമെന്നു വച്ച് ചീത്ത പത്രം നിർത്തുന്നവൻ വിഡ്ഢിയാക്കപ്പെടുന്നു’. പത്രത്തെക്കുറിച്ച് സുകുമാർ അഴീക്കോടിനുള്ള അഭിപ്രായം വിശകലനം ചെയ്യുക.

## പണയം

1. മനുഷ്യർ പാട്ടു കേട്ട് സമയം കളയുന്നത് എന്തിനാണെന്ന് ചെമ്പുമത്തായിക്ക് ഒരു കാലത്തും മനസ്സിലായില്ല. ചെമ്പുമത്തായിയുടെ മനോഭാവത്തോട് യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയാറാക്കുക.
2. ‘നെനക്കറിയാലോ. കുട്ട്യോളെത്തന്നെ ഞാൻ ലാളിച്ചിട്ടില്ല്യ. ചെമ്പുമത്തായിയുടെ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ പ്രതികരണം എന്ത് ?
3. ‘ആ കുന്തം ഇവിടിരിക്കണതാ നിനക്കും നല്ലത്. മനസ്സമാധനമായിട്ട് വല്ല പണിയും നടക്കും’ റേഡിയോയുടെ അഭാവം ചാക്കുണ്ണിയിൽ എന്തു മാറ്റമാണ് വരുത്തിയത്? കുറിപ്പെഴുതുക.

## അമ്മയുടെ എഴുത്തുകൾ

1. ‘ആരു തേടും? നാളെ നമ്മുടെ കുട്ടികൾക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ’? വരികളുടെ അടിസ്ഥാനത്തിൽ ‘മലയാള ഭാഷ നേരിടുന്ന വെല്ലുവിളികൾ’ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക?
2. ‘നമ്മളോർത്താലുമില്ലെങ്കിലും കാവലായ് പിൻപേ പറക്കും കുളിർമ്മ’ അമ്മയുടെയും ഭാഷയുടെയും എന്തെല്ലാം പ്രത്യേകതകളാണ് ഈ വരികളിൽ കാണാനാവുന്നത്? ലഘുകുറിപ്പ് തയാറാക്കുക.
3. ‘താരാട്ടിലോലുന്ന മാധുര്യമെങ്ങനെ? നാം തന്നെ വന്നു പിറന്നതുമെങ്ങനെ?’ വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
4. ‘പൊക്കിളിൻ വള്ളിയടർത്തിക്കളഞ്ഞു നിൻ

   പൊൽക്കരൾക്കൂട്ടിന്റെയുള്ളിൽ വന്നപ്പോഴേ’

   പൊൽക്കരൾക്കൂടെന്ന പ്രയോഗത്തിന്റെ അർത്ഥസാധ്യതകൾ കുറിക്കുക.

# ഉത്തരസൂചിക

## പ്ലാവിലക്കഞ്ഞി

1. അതിഥിയായെത്തിയ അച്ഛന് ആഹാരം നൽകാൻ കഴിഞ്ഞതിലെ സംതൃപ്തി.
   കോരന്റെ അച്ഛന് തൃപ്തിയാകുന്ന തരത്തിൽ ആഹാരം നൽകാൻ കഴിഞ്ഞതിലെ സന്തോഷം.
2. കോരന്റെ അച്ഛനും ചിരുതയും പരസ്പരം പ്രകടിപ്പിക്കുന്ന സ്നേഹം.
   അച്ഛനെ കാണാൻ കഴിഞ്ഞതിലുള്ള സന്തോഷം.
3. ദാരിദ്യവും ചൂഷണവും അനുഭവിക്കുന്നു.
   കുറഞ്ഞകൂലിക്ക് പണിയെടുക്കേണ്ടിവരുന്നു.
   ലഭിക്കുന്ന കൂലികൊണ്ട് അത്യാവശ്യങ്ങൾപോലും നിറവേറ്റാനാവാത്ത അവസ്ഥ.
4. കോരനോടും, അദ്ദേഹത്തിന്റെ അച്ഛനോടും മാതൃകാപരമായ സ്നേഹം പുലർത്തുന്നു.
   അല്പം ആഹാരം മാറ്റിവച്ച് അടുത്ത പ്രഭാതത്തിൽ കോരന് നൽകുന്നതിൽ പ്രകടമാകുന്ന കരുതൽ.
   ദാരിദ്ര്യത്തെ സ്നേഹംകൊണ്ട് അതിജീവിക്കുന്നു.
   പട്ടിണിയും ദാരിദ്ര്യവും ചിരുതയെ തളർത്തുന്നില്ല.
   തന്റെ ആരോഗ്യം ക്ഷയിച്ചതിൽ ദുഃഖിക്കുന്നില്ല.

## ഓരോ വിളിയും കാത്ത്

1 കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹം.
   ഒരാൾ മറ്റൊരാൾക്ക് കൈത്താങ്ങാകുന്നു.
   എല്ലാവരും ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നു.
   കുടുംബാംഗങ്ങങ്ങളുടെ പരസ്പരപൂരകത്വം.

2 മങ്ങിയ കാഴ്ച.
   കൃഷിയിടം അച്ഛൻ നേരിട്ട് കണ്ടിട്ട് കാലം ഏറെയായി.
   കണ്ണാടിയിൽ കാണുന്നത് യഥാർത്ഥകാഴ്ചകൾ മാത്രമാണ്.

3 പോവുക എന്ന പ്രവൃത്തി. (മൂപ്പരെങ്ങോട്ടു പോയി)
   മരണം (മൂപ്പരു പോയി)

4 അച്ഛനും അമ്മയും കർഷകർ.
   മകൻ മറ്റൊരു ജോലി സ്വീകരിക്കുന്നു.
   കൃഷി സംരക്ഷിക്കാൻ മറ്റൊരാളെ ചുമതലപ്പെടുത്തുന്നു.
   അധ്വാനത്തിൽനിന്ന് ലഭിക്കുന്ന ആഹ്ലാദം കണക്കിടുന്നില്ല.

## അമ്മത്തൊട്ടിൽ

1. അമ്മയുടെ കണ്ണുകളുടെ തിളക്കം നഷ്ടപ്പെട്ടു.
   കണ്ണുകൾ അനാകർഷകമായി മാറി.
   മങ്ങിപ്പഴകിയ പാത്രത്തോട് താല്പര്യക്കുറവ് തോന്നും.
   അമ്മയോടും താല്പര്യക്കുറവ് ഉണ്ട്.

2. സ്പർശനത്തിലൂടെയും ഗന്ധത്തിലൂടെയും അമ്മയുടെ സാന്നിദ്ധ്യം അനുഭവിച്ചിരുന്ന കുട്ടിക്കാലം.

അമ്മയിൽനിന്ന് ലഭിച്ചിരുന്ന സംരക്ഷണം.

അമ്മയുടെ സ്പർശനം നൽകിയിരുന്ന സുരക്ഷിതത്വബോധം.

എപ്പോഴും അമ്മയോട് ചേർന്നുനിൽക്കാനുള്ള താല്പര്യം.

3. അമ്മ സംരക്ഷകയാണ്.

തൊട്ടിൽ സുരക്ഷിതത്വം ഉറപ്പാക്കുന്ന ഇടമാണ്.

അമ്മ, തൊട്ടിൽ എന്നീ പദങ്ങളുണ്ടാക്കുന്ന വൈകാരികതയ്ക്ക് വിരുദ്ധമായ അർത്ഥം അമ്മത്തൊട്ടിൽ എന്ന തലക്കെട്ടിലുണ്ട്.

അമ്മയെ ഉപേക്ഷിക്കാൻ ഒരിടം ഇല്ല.

കാരണം അമ്മയെ ഉപേക്ഷിക്കാൻ വിവേകമുള്ള ആർക്കും കഴിയില്ല.

4. വയറുനിറയെ ഭക്ഷണം കഴിക്കാൻ വകയില്ലാത്ത കോരനും ചിരുതയും അച്ഛനെ സംരക്ഷിക്കുന്നു.

ദാരിദ്ര്യവും അച്ഛന്റെ അനാരോഗ്യവും അതിന് തടസമാകുന്നില്ല.

ഓരോ വിളിയും കാത്ത് എന്ന കഥയിലെ മകൻ അമ്മയെ ഒപ്പം കൂട്ടാൻ ശ്രമിക്കുന്നു.

തൊഴിൽ തടസമാകുന്നില്ല.

ദാരിദ്ര്യം, തൊഴിൽപരമായ അസൗകര്യങ്ങൾ, മാതാപിതാക്കളുടെ ആരോഗ്യപ്രശ്നങ്ങൾ മുതലായ കാരണങ്ങൾ നിരത്തി പലരും മാതാപിതാക്കളെ സംരക്ഷിക്കാതിരിക്കുന്നു.

## കൊച്ചുചക്കരച്ചി

1. കവികളുടെപോലും ശ്രദ്ധ പിടിച്ചുപറ്റുന്നു.

മിക്ക കവികളും മാവിനെക്കുറിച്ച് കവിതയെഴുതിയിട്ടുണ്ട്.

മാവും മനുഷ്യനും തമ്മിലുള്ള ബന്ധം വളരെ വലുതാണ്.

ഏത് പരുവത്തിലും മാങ്ങ കഴിക്കാം

മാമ്പഴക്കാലത്ത് മാവിൻചുവട്ടിൽ ആളുകൾ ഒത്തുകൂടാറുണ്ട്.

2. രുചിവൈവിധ്യം.

വയറുനിറയെ കഴിക്കാൻ മാങ്ങ ലഭിക്കും.

സദ്യ കഴിക്കാനുള്ള ഇഷ്ടം മാങ്ങ കഴിക്കാനും ഉണ്ട്.

കഴിക്കുന്ന ആളിന്റെ മനസ്സിൽ സദ്യയെക്കുറിച്ചുള്ള ഓർമ്മ നിലനിൽക്കുന്നതുപോലെ മാമ്പഴത്തിന്റെ രുചിയും നിലനിൽക്കും.

3. മാവിന്റെ പഴക്കം.

പല തലമുറകൾക്കൊപ്പം നിലനിന്നു.

മുത്തശ്ശിമാരോടും മാവിനോടും കുട്ടികൾക്ക് അടുപ്പം ഒരുപോലെയാണ്.

കുട്ടികൾക്ക് ഇഷ്ടമുള്ളവ കരുതിവയ്ക്കുകയും കാണുമ്പോൾ നൽകുകയും ചെയ്യുന്നത് മുത്തശ്ശിമാരുടെ സ്വഭാവമാണ്. മുത്തശ്ശിമാരുടെ ഈ സ്വഭാവം മാവ് പ്രകടിപ്പിക്കുന്നു.

4. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം.

പ്രകൃതി മനുഷ്യനെ ചതിക്കില്ലെന്നവിശ്വസം.

കൊച്ചുചക്കരച്ചിയുമായുള്ള ആത്മബന്ധം.

പ്രകൃതി പകർന്നുനൽകിയ അനുഭവപാഠങ്ങൾ

## ഓണമുറ്റത്ത്

1. പൂക്കൂട നിറച്ചുനിൽക്കുന്ന തുമ്പപ്പൂവ്.

   ദീപക്കുറ്റികൾ നാട്ടി നിൽക്കുന്ന മുക്കുറ്റി.

   വെള്ളിത്താലമെടുത്തുനിൽക്കുന്ന വെള്ളാമ്പലുകൾ.

   നിലാവിൽ കുളിച്ചുനിൽക്കുന്ന രാവ്.

   ആർത്തുവിളിക്കുന്ന അലകടലും കുരവയിടുന്ന അരുവികളും.

   പുലരി ചങ്ങലവട്ട തെളിയിച്ച് ഓണത്തപ്പനെ ആനയിക്കുന്നു.

2. സമഭാവന, ഒത്തൊരുമ, എന്നീ ദർശനങ്ങൾ കേരളീയരുടെ മനസിൽ ഉറപ്പിച്ചത് ഓണമാണ്.

   ഓണപ്പാട്ടുകളിൽ ഈ സന്ദേശമാണ് കാണുന്നത്.

   മാനുഷരെല്ലാരുമൊന്നുപോലെയാകണമെന്നസന്ദേശമാണ് തന്റെ കവിതകളിലുള്ളതെന്ന് കവി പറയുന്നു.

3. ആദ്യരണ്ടുവരികളിൽ ക എന്ന അക്ഷരം ആവർത്തിക്കുന്നു.

   നിറന്ന നിലാവാൽ എന്നതിലെ ന എന്ന അക്ഷരത്തിന്റെ ആവർത്തനം.

   നിലാവിനെ കമുകിൻപൂവരിയായി സങ്കൽപ്പിച്ചിരിക്കുന്നു.

4. ഓണക്കാലപ്രകൃതിയുടെ മനോഹാരിത നേരിൽകാണുന്ന അനുഭവം ഉണ്ടാകുന്നു.

   മഹാബലിമന്നൻ നമ്മുടെ കൺമുന്നിൽ ഇരിക്കുന്നതുപോലെയുള്ള തോന്നൽ ഉണ്ടാവുന്നു.

   ഓണത്തപ്പനെ വരവേൽക്കാൻ മനസ്സിനെ പ്രേരിപ്പിക്കുന്നു.

   ഓണത്തെക്കുറിച്ചുള്ള ഓർമ്മകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു.

## കോഴിയും കിഴവിയും

1. സാമ്പത്തികമായി മെച്ചപ്പെട്ടുവന്ന ഒരു കഥാപാത്രമാണ് മത്തായി.

   വളർച്ചയ്ക്ക് കാരണക്കാരായവരെ മത്തായി മറക്കുന്നു.

   മത്തായി സ്വാർത്ഥനായ ഒരു കഥാപാത്രമാണ്.

   പണമുള്ളതുകൊണ്ട് എന്തും നേടിയെടുക്കാൻ കഴിയുമെന്ന അഹങ്കാരം മത്തായി പ്രകടിപ്പിക്കുന്നു.

   നിഷ്കളങ്കനായ ഒരു കർഷകനാണ് മർക്കോസിന്റെ പിതാവ്. ഗ്രാമീണജീവിതത്തിന്റെ നന്മ മർക്കോസിലും പിതാവിലും കാണാം.

   പിതാവിന്റെ നല്ല പ്രവൃത്തികളിൽ മർക്കോസ് അഭിമാനിക്കുന്നു.

2. ഭർത്താവ് മരിച്ചുപോയ ഒരു ദരിദ്രസ്ത്രീയാണ് മത്തായിയുടെ അമ്മ.

   മകന് ആഹാരം നൽകാൻപോലും കഴിയാതെ വിഷമിക്കുന്നു.

   മർക്കോസിന്റെ അപ്പൻ ദാനമായി നൽകിയ വസ്തുവിൽ കുടിൽകെട്ടി താമസിച്ചു.

   അവിടെ ചെറിയ കച്ചവടങ്ങൾ ചെയ്ത് പണം സമ്പാദിച്ചിരുന്നു.

   സാമ്പത്തികമായി മെച്ചപ്പെട്ടു.

   മർക്കോസിന്റെ അപ്പൻ ചെയ്ത ഉപകാരമാണ് തന്റെ ഉയർച്ചയ്ക്ക് കാരണമായതെന്ന് മറക്കുന്നില്ല

3. മരണം ദുഃഖകരമായ അവസ്ഥയാണ്.

   കണ്ണുനീരാണ് വരേണ്ടത്.

   കോഴിമാംസത്തിന്റെ രുചി ചിലർ ഇഷ്ടപ്പെടുന്നു.

സ്വന്തം നാവിനെ തൃപ്തിപ്പെടുത്താനുള്ള വെമ്പൽകോണ്ട് മറ്റൊരു ജീവിയുടെ ദുഃഖം നാം അവഗണിക്കുന്നു.

## ശ്രീനാരായണഗുരു

1. ഏകലോകമെന്ന ആശയം ആദ്യമായി അവതരിപ്പിച്ചു.

   അനാചാരങ്ങൾക്കെതിരെ ശക്തമായി പോരാടി.

   മനുഷ്യത്വമുള്ളവരാകാൻ ഉപദേശിച്ചു.

   ജാതിചിന്ത ഇല്ലാതാവാൻ വിദ്യാഭ്യാസം ആവശ്യമാണെന്ന് മനസ്സിലാക്കി പ്രവർത്തിച്ചു.

2. ധ്യാനത്തിലൂടെ ലഭ്യമായ അറിവ് സമൂഹത്തിന്റെ ഉയർച്ചയ്ക്ക് വിനിയോഗിച്ചു.

   ഒരു പ്രത്യേകമതത്തിന്റെയും മേന്മകൾ ഉയർത്തിക്കാട്ടാതെ ഈശ്വരനെക്കുറിച്ചുമാത്രം പറഞ്ഞു.

3. കുറിക്കുകൊള്ളുന്ന നർമ്മം നിറഞ്ഞ സംഭാഷണം.

   പട്ടിക്കുംമറ്റു മൃഗങ്ങൾക്കുമെല്ലാം സ്വന്തം ജാതിയെ കണ്ടാൽ തിരിച്ചറിയാം. എന്നാൽ മനുഷ്യന് മനുഷ്യനെ തിരിച്ചറിയാൻ കഴിയുന്നില്ല എന്ന വാക്കുകൾ ഉദാഹരണം.

   വലിയ ആശയം അടങ്ങിയ സൂക്തങ്ങൾ.

   ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന വാക്കുകൾ ഉദാഹരണം.

## പത്രനീതി

1. ചില സന്ദർഭങ്ങളിൽ പത്രം വിമർശിക്കപ്പെടാം.

   അതിന് പ്രചാരം ലഭിക്കാനും പത്രത്തെ ആശ്രയിക്കേണ്ടിവരും.

2. പത്രങ്ങൾ പക്ഷപാതപരമായി പെരുമാറുന്നു.

   വഷളത്വം കൂടുതലുള്ള പത്രത്തിന് പ്രചാരം കൂടുതൽ ലഭിക്കുന്നു.

   ജനങ്ങളുടെ മേലുള്ള പത്രത്തിന്റെ സ്വാധീനം ദുരുപയോഗം ചെയ്യുന്നു.

3. രാഷ്ട്രീയപ്രവർത്തകരും പത്രപ്രവർത്തകരും തമ്മിൽ വ്യത്യാസമില്ല.

   രാഷ്ട്രീയപ്രവർത്തകർ ഒരു വിഭാഗത്തോട് പക്ഷം ചേരുന്നു.

   എതിർപക്ഷത്തിനെതിരെ നിലപാടുകൾ സ്വീകരിക്കുന്നു.

   പത്രവും ഇതുതന്നെയാണ് ചെയ്യുന്നത്.

4. പത്രങ്ങൾ പക്ഷപാതപരമായി പെരുമാറുന്നു.

   ഒരേ വാർത്ത പല പത്രങ്ങളിലും പലതരത്തിൽ റിപ്പോർട്ട് ചെയ്യുന്ന അവസ്ഥ.

   വസ്തുനിഷ്ഠമല്ലാത്ത വാർത്തകൾ നൽകുന്നു.

   ചില യാഥാർത്ഥ്യങ്ങൾ ബോധപൂർവ്വം മറച്ചുവയ്ക്കുന്നു.

## പണയം

1. മനുഷ്യർ ജീവിക്കുന്നത് പണം സമ്പാദിക്കാൻ മാത്രമല്ല.

   സന്തോഷം നൽകുന്ന കാര്യങ്ങൾക്ക് പണം വിനിയോഗിക്കണം.

   കലകൾ ജീവിതത്തെ ആസ്വാദ്യമാക്കുന്നു.

   പണത്തോടുള്ള ആർത്തി കലകളോടുള്ള താൽപര്യം ഇല്ലാതാക്കുന്നു.

2. പണത്തോടുള്ള ആർത്തി കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധം പോലും ഇല്ലാതാക്കുന്നു.

   മാതാപിതാക്കളുടെ ലാളന കുടുംബാംഗങ്ങൾ തമ്മിലുള്ള വൈകാരികബന്ധം ഉറപ്പിക്കും.

3. ചാക്കുണ്ണിയുടെ തൊഴിലിന്റെ താളം തെറ്റി.
തയ്യൽജോലിയിലെ കൃത്യത നഷ്ടപ്പെട്ടു.
ജീവിതത്തിൽ പാലിച്ചിരുന്ന സമയക്രമം തെറ്റി.
നഷ്ടബോധം അയാളെ അസ്വസ്ഥനാക്കി.

## അമ്മയുടെ എഴുത്തുകൾ

1. പുതുതലമുറ മാതൃഭാഷയിൽനിന്ന് അകന്നുപോകുന്നു.
ഇംഗ്ലീഷ് ഭാഷയിൽ എഴുതാനും സംസാരിക്കാനും താൽപര്യപ്പെടുന്നു.
ഭാഷയാണ് സംസ്കാരം പകർന്നുനൽകുന്നത്.
വൈദേശികസംസ്കാരത്തിന്റെ സ്വാധീനത്തിൽ പെട്ടുപോകുന്നു.
2. മാതൃഭാഷ എക്കാലത്തും മനസ്സിന്റെ ഉള്ളിൽ ഉണ്ടാവും.
സംസ്കാരം കെടാതെ സൂക്ഷിക്കുന്നത് മാതൃഭാഷയും സംസ്കാരവുമാണ്.
മാതൃഭാഷ മനസ്സിന് കുളിര് പകരുന്നു.
3. പുതുതലമുറയ്ക്ക് മാതൃഭാഷയെയും സാഹിത്യത്തെയും കുറിച്ചുള്ള ശരിയായ അറിവില്ല.
ഭാഷയുമായുള്ള വൈകാരികബന്ധം പുതുതലമുറയ്ക്ക് നഷ്ടപ്പെട്ടുപോകുന്നു.
നമ്മുടെ യഥാർത്ഥ സംസ്കാരമെന്തെന്ന് പുതുതലമുറയ്ക്ക് അറിയാൻ കഴിയുന്നില്ല.
4. പൊന്ന് സമ്പത്തിനെ സൂചിപ്പിക്കുന്നു.
ഇംഗ്ലീഷ് ഭാഷയ്ക്ക് സാഹിത്യസമ്പത്തുണ്ട്.
ഇംഗ്ലീഷ് ഭാഷയ്ക്ക് പലരും പ്രാധാന്യം നൽകാൻ കാരണമിതാണ്.
കരൾ സ്നേഹത്തെ സൂചിപ്പിക്കുന്നു.
കൂട് ബന്ധനത്തിന്റെ അടയാളമാണ്.
സമ്പത്തിലും സ്നേഹത്തിലും ഭ്രമിച്ച് അടുത്തു ചെല്ലുന്നവരെ ഇംഗ്ലീഷ്ഭാഷ അടിമത്വത്തിലാക്കുന്നു.

# ചോദ്യപേപ്പർ 1

## കേരള പാഠാവലി

**സമയം : 1½ മണിക്കൂർ** **ആകെ സ്കോർ : 40**

**പൊതുനിർദേശങ്ങൾ**

- ആദ്യ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യം വായിക്കുന്നതിനും ഉത്തരം ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- നിർദേശങ്ങളും ചോദ്യങ്ങളും അനുസരിച്ചു മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.**
(4 × 1 = 4)

1 ‘കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളൂ’ എന്ന വരികളിലെ അർത്ഥസൂചന.

- എല്ലാ കവികളും ഒരേ ഭാഷയിലാണ് കവിതയെഴുതുന്നത്.
- ലോകമെമ്പാടുമുള്ള കവികൾ ഒരു പ്രത്യേകഭാഷയിലാണ് സംസാരിക്കുന്നത്.
- കവിതകളിലെ വികാരാവിഷ്കാരം, പ്രമേയം മുതലായവയ്ക്ക് സാമ്യമുണ്ട്.
- കവിതകൾ വിവിധഭാഷകളിലേക്ക് പരിഭാഷപ്പെടുത്താറുണ്ട്.

2 ‘അതെല്ലാം എരിവും പുളിവും ചേർത്തുപകർത്തിയയച്ച ആ ഷ്കോൾക്കുട്ടിയാണ് തന്റെ മുമ്പിൽ നിൽക്കുന്നതെന്ന് ആ മാന്യൻ അറിയുന്നില്ല.’ അടിവരയിട്ട ശൈലിക്ക് യോജിക്കുന്നത്.

- ഭാവതീവ്രതയോടെ അവതരിപ്പിക്കുക.
- തെറ്റായ കാര്യങ്ങൾ കൂട്ടിച്ചേർത്ത് അവതരിപ്പിക്കുക.
- കേട്ട കാര്യങ്ങൾ അതുപോലെ അവതരിപ്പിക്കുക.
- നല്ല കൈയക്ഷരത്തിൽ എഴുതുക.

3 ‘ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.’ ഈ വരികൾക്ക് യോജിക്കുന്ന പ്രസ്താവന ഏത് ?

- പുറത്തെ മഞ്ഞിലൂടെനടന്ന് വീട്ടിൽപ്രവേശിച്ചപ്പോൾ കിഴവൻമിറലിന് ആശ്വാസം തോന്നി.
- വീടിനുള്ളിൽ കത്തിച്ചുവച്ചിരുന്ന വിളക്കിന്റെചൂട് കിഴവൻമിറലിന് ആശ്വാസമായി.
- മകൻ മരിച്ച വിവരം ആരോടും തുറന്നുപറയാൻ കഴിയാത്തത് മിറലിനെ വേദനിപ്പിച്ചു.
- തീക്കനലുകൾ വീടിനുള്ളിൽ തണുപ്പകറ്റിയിരുന്നു.

4 'ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും' ഇവിടെ പുഷ്കരന്റെ ഭാവം

- നിരാശ
- സ്നേഹം
- നിസ്സഹായത
- ഭയം

5 മാതൃകപോലെ എഴുതുക

ഗുരുസമീപം - ഗുരുവിന്റെ സമീപം

പല്ലിൻമൊട്ടുകൾ -

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** (2 × 2= 4)

6 "എരിയാൻ വിറകിന്നു കാത്തിടും
പൊരിയായുള്ളൊരു ഹവ്യവാഹന്
ശരിയായി നിനച്ചിടുന്നു ഞാൻ
പെരിയോർക്കുള്ളൊരു വീരബാലനെ"

ഈ വരികളുടെ കാവ്യപരമായ സവിശേഷതകൾ എഴുതുക.

7 സുധീർ അനുതാപപൂർവം വൃദ്ധയെപ്പറ്റി ഓർത്തു.

പണ്ട് ലണ്ടനിലും ന്യൂയോർക്കിലും വച്ച് കണ്ട മാഡം തലത്തിനെപ്പറ്റി അയാൾ ഓർത്തുപോയി.

അടിവരയിട്ട പദങ്ങളുടെഅർത്ഥവ്യത്യാസം കുറിക്കുക.

8 'പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായ് നീ'

നളിനിയിലുണ്ടായ മാറ്റത്തെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഈ വരികളിലുള്ളത്?

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 × 4 =20)**

9 'ചക്ഷുഃശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു' (ലക്ഷ്മണസാന്ത്വനം)

കാവ്യഭാഗത്തെ മറ്റ് വരികൾകൂടി പരിഗണിച്ച് എഴുത്തച്ഛന്റെ ഭാഷാശൈലിയെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയാറാക്കുക.

10. 'ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾ തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല. തെരുവിലേക്കുള്ള വാതിലിടൂടെത്തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല.' (പാവങ്ങൾ)

മെത്രാന്റെ ഈ നിലപാട് സമൂഹത്തിന് നൽകുന്ന സന്ദേശമെന്ത്?

11 'കൈപ്പടങ്ങളിൽ എന്തോ നനഞ്ഞുകുതിരുന്നു. കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്.' (കടൽത്തീരത്ത്)

പൊതിച്ചോറിന് കഥയിലുള്ള സ്ഥാനം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

12 'എനിക്കു കൈമലർത്താനൊക്കുമോ? ആ ചരടുകളെല്ലാംകൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു!'

'അതു പറയുമ്പോൾ ദസ്തയേവ്സ്കിയുടെ തൊണ്ട ഇടറി. അന്ന
നോക്കുമ്പോൾ അദ്ദേഹം നിറഞ്ഞൊഴുകുന്ന സ്വന്തം കണ്ണുകൾ തുടയ്ക്കുന്നു.'
(ആത്മാവിന്റെ വെളിപാടുകൾ)

നോവൽഭാഗം വിശകലനം ചെയ്ത് ദസ്തയേവ്സ്കി എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയാറാക്കുക.

13 'മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാരചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ. അവരുടെ മകന് അന്ന് ഞാനെഴുതിയ കത്തുകളാണ് എന്റെ ആദ്യത്തെ ചെറുകഥകൾ.'(ഞാൻ കഥാകാരനായ കഥ)

ആ കത്തുകളാണ് തന്റെ ആദ്യത്തെ ചെറുകഥകൾ എന്നുപറയാൻ എസ് കെ പൊറ്റക്കാടിനെ പ്രേരിപ്പിച്ചതെന്ത്?

14 'വെട്ടിവെട്ടി പ്രകൃതിയെ മല്ലിട്ടു

വെറ്റി നേടിയതാണതിൻ സിദ്ധികൾ'

'ദൃപ്തരാഷ്ട്രപ്രതാപങ്ങൾതൻ കോട്ട

കൊത്തളങ്ങളെപ്പിന്നിടും യാത്രയിൽ'

'എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ

കുത്തിനിർത്തിയ മുത്തണിക്കൂണുകൾ'

സാഹിത്യചരിത്രത്തെ സംബന്ധിച്ച എന്തെല്ലാം സൂചനകൾ 'അശ്വമേധം'എന്ന കവിതയിലുണ്ടെന്ന് കണ്ടെത്തിയെഴുതുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** $(2 \times 6 = 12)$

15 'എന്റെ സഹോദരി, ദുശ്ശള, അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചതു കേട്ട് കരഞ്ഞു കരഞ്ഞ് എന്താവുമോ, ആവോ!'

'ഞാൻ ശിബിരത്തിൽ കടന്നു കാലനെപ്പോലെ പ്രവർത്തിക്കും'

(യുദ്ധത്തിന്റെ പരിണാമം)

പാഠഭാഗത്തെ മറ്റു സന്ദർഭങ്ങൾകൂടി പരിഗണിച്ച് 'യുദ്ധം വരുത്തുന്ന വിനകൾ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

16 'ക്രോധമല്ലോ നിജ ധർമ്മക്ഷയകരം

ക്രോധം പരിത്യജിക്കേണം ബുധജനം'(ലക്ഷ്മണസാന്ത്വനം)

'മോഹമകന്നു തെളിഞ്ഞേൻ,

മോഹനതനു! വന്നു നീയുമെന്നരികിൽ

രാഹുവിനെ വിട്ടു ചന്ദ്രൻ

രോഹിണിയോടൊത്തു ചേർന്നു ഭാഗ്യവശാൽ' (ഋതുയോഗം)

'ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നുപോകരുത്.' (പാവങ്ങൾ)

കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി 'കാലാതീതമായ സാഹിത്യം' എന്ന വിഷയത്തിൽ മുഖപ്രസംഗം തയാറാക്കുക.

17 'ഒരു വെൺലില്ലിപ്പൂവിൽ ശോണരേഖകൾപോലെ,

തിരുശോണിതം വാർന്ന പാടുകളുടലാകെ!'

'പുഞ്ചിരിപ്പൂ ഞാൻ, വീണ്ടുമുണർന്നാക്കുളുർവെണ്ണ

ക്കല്ലിനുമീതെ നിന്റെ ചുറ്റികയൊരു കരി

വണ്ടുപോൽ ചുറ്റിപ്പറന്നുളിതൻ നിറുകയിൽ

ചുംബിക്കും ഹർഷോന്മാദസീൽക്കാരം കേൾക്കുന്നു ഞാൻ'

'പിയത്ത'യെന്ന വിശ്വപ്രസിദ്ധ ശിൽപ്പം നേരിൽകാണുന്ന അനുഭവം വായനക്കാരന് പകർന്നുനൽകുന്ന കവിതയാണ് മൈക്കലാഞ്ജലോ മാപ്പ്.

'മൈക്കലാഞ്ജലോ മാപ്പ്' എന്ന കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

## ഉത്തരസൂചിക

1 കവിതകളിലെ വികാരാവിഷ്കാരം, പ്രമേയം മുതലായവയ്ക്ക് സാമ്യമുണ്ട്.

2 ഭാവതീവ്രതയോടെ അവതരിപ്പിക്കുക.

3 മകൻ മരിച്ച വിവരം ആരോടും തുറന്നുപറയാൻ കഴിയാത്തത് മിറലിനെ വേദനിപ്പിച്ചു.

4 നിരാശ

5 മൊട്ടുപോലുള്ള പല്ലുകൾ

6
- ❖ രണ്ടാമത്തെ അക്ഷരം ആവർത്തിക്കുന്നു
- ❖ സർവ്വദമനനെ തീപ്പൊരിയോട് ഉപമിച്ചിരിക്കുന്നു.

7
- ❖ ആദ്യത്തെ വാക്യത്തിലെ പോയി എന്നത് പ്രവൃത്തിയെ സൂചിപ്പിക്കുന്നു.
- ❖ രണ്ടാമത്തെ വാക്യത്തിലെ പോയി എന്ന പദം ഓർത്തു എന്ന ക്രിയ യാദൃശ്ചികമായി സംഭവിച്ചതാണെന്ന് സൂചിപ്പിക്കുന്നു.

8
- ❖ നളിനിയുടെ ശരീരത്തിനുണ്ടായ മാറ്റം
- ❖ ദിവാകരനോടുള്ള ഭാവത്തിൽ വന്ന മാറ്റം.

9
- ❖ ഗഹനമായ ആശയങ്ങൾ ഉദാഹരണങ്ങളിലൂടെ ലളിതമാക്കുന്നു.
- ❖ ധാരാളം സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നു.
- ❖ ഒരു ആശയം ഒന്നിൽകൂടുതൽ ഉദാഹരണങ്ങളിൽകൂടി സമർത്ഥിക്കുന്നു.
- ❖ ഗൗരവമുള്ള ആശയങ്ങൾ അവതരിപ്പിക്കാൻ വാക്കുകൾ കൂട്ടിച്ചേർത്ത് ഭാഷയെ ഗൗരവമാക്കുന്നു.

10
- ❖ ജീവിതത്തിൽ സത്യസന്ധത പുലർത്തണം
- ❖ മനുഷ്യൻ സ്വാർത്ഥത ഉപേക്ഷിക്കണം
- ❖ നേരായ വാതിലുകൾ അടയുന്നത് പലരും തെറ്റുചെയ്യുന്നതിന് കാരണമാകുന്നു.
- ❖ മതിലുകൾ സ്വാർത്ഥതയുടെ അടയാളമാണ്.

11
- ❖ കോടച്ചിയുടെ സാന്നിദ്ധ്യത്തിന്റെ അടയാളം.
- ❖ കഥാവസാനത്തിൽ പൊതിച്ചോറ് ബലിച്ചോറായി മാറുന്നു.
- ❖ കഥാഗതിയെ സ്വാധീനിക്കുന്നു.
- ❖ പൊതിച്ചോറിന്റെ നനവ് വെള്ളായിയപ്പന് ആശ്വാസമാകുന്നു.

12
- ❖ ഉത്തരവാദിത്തങ്ങൾ സ്വയം ഏറ്റെടുക്കുന്നു.
- ❖ കഷ്ടതകൾ വർദ്ധിക്കുംതോറും ജീവിതത്തെ കൂടുതൽ സ്നേഹിക്കുന്നു.
- ❖ ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പുള്ള മനുഷ്യൻ.
- ❖ അപസ്മാരരോഗം, ചൂതുകളിഭ്രമം.
- ❖ സാഹിത്യസ്നേഹിയായ സാഹിത്യകാരൻ.

13
- ❖ ജീവിതമാണ് സാഹിത്യത്തിൽ ആവിഷ്കരിക്കുന്നത്.
- ❖ വായനക്കാരന്റെ മനസ്സിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ സാഹിത്യത്തിന് കഴിയും
- ❖ സമൂഹത്തിൽനിന്നാണ് സാഹിത്യരചനയ്ക്ക് വിഷയം കിട്ടുന്നത്.
- ❖ സാഹിത്യഭാഷ വായനക്കാരന്റെ മനസ്സിനെ വികാരഭരിതമാക്കും.

14
- ❖ നാടൻപാട്ടുകളിലൂടെയാണ് സാഹിത്യം വളർന്നത്.
- ❖ സ്വേച്ഛാധിപത്യശക്തികളെ തകർത്ത് ജനാധിപത്യഭരണകൂടങ്ങളെ സൃഷ്ടിക്കാൻ സാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട്.
- ❖ മതം, രാജാധികാരം,തത്വചിന്തകൾ എന്നിവ സാഹിത്യത്തെ സ്വാധീനിക്കാൻ ശ്രമിച്ചിട്ടുണ്ട്.
- ❖ മനുഷ്യശക്തിയുടെ മഹത്വം എക്കാലത്തെയും സാഹിത്യത്തിൽ കാണാം.

- സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങൾക്ക് ആശ്വാസംപകരാൻ സാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട്.

15
- യുദ്ധം ഒരു പ്രശ്നത്തിനും പരിഹാരമല്ല.
- യുദ്ധം പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- സ്ത്രീകളുടെയും കുട്ടികളുടെയും അനാഥത്വത്തിന് കാരണമാകുന്നു.
- ജയിച്ചവർക്കും തോറ്റവർക്കും ഒരുപോലെ നഷ്ടം ഉണ്ടാക്കുന്നു.
- അനന്തരതലമുറകളെപ്പോലും ബാധിക്കുന്നു.
- യുദ്ധംകൊണ്ടുള്ള പക ഒരിക്കലും അവസാനിക്കുന്നില്ല.
- യുദ്ധം ഉണ്ടാക്കുന്ന ഭയം വിട്ടുമാറാൻ പ്രയാസമാണ്.

16
- ലോകജനതയുടെ അടിസ്ഥാനപ്രശ്നങ്ങൾ എല്ലാ കാലത്തും സമാനമാണ്
- ഉത്തമസാഹിത്യരചനകൾ ലോകനന്മ ലക്ഷ്യമാക്കിയുള്ളതാണ്.
- മനുഷ്യവികാരങ്ങൾ അവതരിപ്പിക്കുന്ന ഭാഷയ്ക്ക് അതിർവരമ്പുകളില്ല.
- സമാനതകളില്ലാത്ത അലങ്കാരപ്രയോഗങ്ങളും കാവ്യകല്പനകളും എല്ലാകാലത്തും ആസ്വദിക്കപ്പെടുന്നു.
- ഉത്തമരചനകൾ പിൽക്കാലരചനകൾക്ക് മാതൃകയായി നിൽക്കുന്നു.

17
- ദുഃഖത്തിൻ സൂര്യശില, പാഴ്ചിപ്പി, തുടങ്ങിയ പ്രയോഗങ്ങളുടെ അർത്ഥതലങ്ങൾ.
- വാങ്മയചിത്രങ്ങൾ.
- വിവിധ കാലഘട്ടങ്ങളിലൂടെയുള്ള കവിമനസ്സിന്റെ സഞ്ചാരം.
- ധ്വനികല്പനകൾ
- സമകാലികപ്രസക്തി

# ചോദ്യപേപ്പർ 2

## കേരള പാഠാവലി

**സമയം : 1½ മണിക്കൂർ** **ആകെ സ്കോർ : 40**

**പൊതുനിർദേശങ്ങൾ**

- ആദ്യ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യം വായിക്കുന്നതിനും ഉത്തരം ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- നിർദേശങ്ങളും ചോദ്യങ്ങളും അനുസരിച്ചു മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.
(4 × 1 =4)

1 'ആ നിമിഷം ചുമരിലെ ഘടികാരത്തിൽനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു' (ഉരുളക്കിഴങ്ങ് തിന്നുന്നവർ)

ഇതിലെ ആശയത്തിന് യോജിക്കുന്ന വാക്യം ഏത്?

- ഘടികാരത്തിന്റെ ശബ്ദം പെട്ടെന്ന് ഉച്ചത്തിലായി
- ഘടികാരം ചലിക്കുന്ന ശബ്ദംപോലും കേൾക്കാൻ കഴിയുന്നതരം നിശ്ശബ്ദത ആ വീട്ടിൽ ഉണ്ടായിരുന്നു
- ഘടികാരം വൻശബ്ദത്തോടെ താഴെ വീണു
- ഘടികാരത്തിൽനിന്ന് ഇടവിട്ട് വലിയ ശബ്ദം കേട്ടുതുടങ്ങി

2 'ചവറുകൾക്കുപകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി.' (അക്കർമാശി)

ശരൺകുമാർ ലിംബാളെ ഇങ്ങനെ പറയാൻ കാരണമെന്ത്?

- അവർ ചപ്പുചവറുകൾക്കിടയിൽനിന്ന് ആഹാരസാധനങ്ങൾ കണ്ടെത്തിക്കഴിച്ചിരുന്നു.
- ചപ്പുചവറുകൾ പെറുക്കി വിൽക്കുന്നത് പ്രധാന തൊഴിലായിരുന്നു.
- ചപ്പുചവറുകൾക്ക് മതിയായ വില ലഭിക്കാത്ത അവസ്ഥയുണ്ടായിരുന്നു.
- അവരുടെ വിശപ്പിനെസമൂഹം അവഗണിച്ചിരുന്നു.

3 'എന്റെ മുൻജന്മപാപം അന്ന് ഫലോന്മുഖമായിരുന്നിരിക്കണം.അതാണ് ദയാലുവായ ആര്യപുത്രൻ അന്ന് എന്നോടിങ്ങനെ പ്രവർത്തിച്ചത്' (ഋതുയോഗം)

ഈ സന്ദർഭത്തിന് യോജിച്ച പഴഞ്ചൊല്ല് ഏത് ?

- എരിതീയിൽ എണ്ണ ഒഴിക്കുക.
- ചൊട്ടയിലെ ശീലം ചുടലവരെ.
- വിനാശകാലേ വിപരീതബുദ്ധി.
- മടിയൻ മല ചുമക്കും.

4 'ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം'

ഇവിടെ 'ഭോഗങ്ങൾ'എന്ന പദത്തിന്റെ അർത്ഥം-

- സുഖസൗകര്യങ്ങൾ
- ആഗ്രഹം
- കാണപ്പെടുന്നത്
- വിശപ്പ്

5 'ഭാവശാലികൾ പിരിഞ്ഞുകൂടിയാ

ലീവിധം വികലമാംസുഖോദയം'

അടിവരയിട്ട പദം പിരിച്ചെഴുതുന്നത്

- സുഖ + ഉദയം
- സുഖം + ഉദയം
- സുഖോ + ഉദയം
- സുഖ + ഓദയം

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **(2 × 2 =4)**

6 'ഭൂമിക്കൊപ്പം അഴലിൻ ചുമടുമായി ഇരിക്കുമൊരമ്മയെ' (മൈക്കലാഞ്ജലോ മാപ്പ്)

മറിയയെ ഇങ്ങനെ വിശേഷിക്കാൻ കാരണമെന്താവാം? രണ്ട് നിരീക്ഷണങ്ങൾ കുറിക്കുക

7 'ഇത് നിലമുഴുന്നതുപോലെയോ പാറപൊട്ടിക്കുന്നതുപോലെയോ അല്ല. ഇത് ആത്മാവിന്റെ ഒരു വെളിപാടാണ്.' (ആത്മാവിന്റെ വെളിപാടുകൾ)

നോവലെഴുത്തിനെക്കുറിച്ചുള്ള എന്തെല്ലാം കാഴ്ചപ്പാടുകളാണ് ഈ വരികളിലുള്ളത്?

8 'ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റ് കണ്ണീര് തൂകാതിരിക്കാൻ ആർക്ക് സാധിക്കും.' (യുദ്ധത്തിന്റെ പരിണാമം)

ദുര്യോധനൻ എന്ന കഥാപാത്രത്തിന്റെ രണ്ട് സ്വഭാവഗുണങ്ങൾ എഴുതുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** (5 × 4=20)

9 'എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു' (അക്കർമാശി)

ശരൺകുമാർ ലിംബാളെയുടെ ജീവിതാനുഭവങ്ങൾനൽകുന്ന സന്ദേശമെന്തെന്ന് കണ്ടെത്തി എഴുതുക

10 'അറികയില്ലെങ്കിലും അഭിമുഖന്മാരെക്കണ്ടെൻ

മനതാരിലുണ്ടൊന്നുന്മിഷിതം ഝടിതി' (പ്രലോഭനം)

'പുഷ്കരനെ പ്രലോഭിപ്പിക്കാൻ കലി മനഃശാസ്ത്രപരമായ സമീപനം സ്വീകരിക്കുന്നു.' - ഈ പ്രസ്താവന വിലയിരുത്തി കുറിപ്പ് തയാറാക്കുക.

11 'ഞാൻ ഇന്ത്യയിൽ ജീവിക്കാനാഗ്രഹിക്കുന്നു. ഇന്ത്യ എന്തു നല്ല നാടാണ്.' (വിശ്വരൂപം)

വൃദ്ധന്റെ ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.

12 'വെള്ളായിയേ' മാപ്പിള പറഞ്ഞു.

'മരയ്ക്കാരേ' വെള്ളായിയപ്പൻ പ്രതിവചിച്ചു.

അത്രമാത്രം. രണ്ട് വാക്കുകൾ'

ദീർഘമായ സംഭാഷണങ്ങൾ അർത്ഥപൂർണമായ മൗനത്തിലൂടെ

അവതരിപ്പിക്കുന്നത് 'കടൽത്തീരത്ത്'എന്ന കഥയുടെ ഭാവസൗന്ദര്യം വർദ്ധിപ്പിക്കുന്നു. പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

13 'ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ

മായുകില്ലെന്റെ ചൈതന്യവീചികൾ !

ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ

പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ !' (അശ്വമേധം)

മനുഷ്യന്റെ അജയ്യതയിൽ ഊറ്റം കൊള്ളുന്ന കവിയാണ് വയലാർ. തന്നിരിക്കുന്ന വരികൾ വിശകലനംചെയ്യുക.

14 'അവൻ എന്നെ 'കുറം' പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു. മാതാവിനോടുള്ള മകന്റെ സമീപനത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായം എഴുതുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** $(2 \times 6=12)$

15 'ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും

വിശ്വവും നിശ്ശേഷ ധാന്യധനാദിയും

സത്യമെന്നാകിലേതൽ പ്രയാസം തവ

യുക്തമല്ലായ്കിലെന്തതിനാൽ ഫലം' - ലക്ഷ്മണ സാന്ത്വനം

ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശം എഴുത്തച്ഛൻ സമൂഹത്തിനു നൽകുന്ന ഉപദേശം കൂടിയാണ്. പ്രസ്താവന വിശകലനം ചെയ്ത് 'എഴുത്തച്ഛന്റെ ജീവിതവീക്ഷണം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക

16 'മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി, ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞുപറിഞ്ഞ്...'

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയിലെ ആവിഷ്കാരഭംഗി, പ്രയോഗസവിശേഷതകൾ, സാമൂഹികപ്രസക്തി മുതലായവ ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയാറാക്കുക.

17 'എന്റെ സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്കു തോട്ടത്തിലൂടെ കടന്നു പോരണമെന്നില്ല; തെരുവിലേക്കുള്ള വാതിലിലൂടെ എപ്പോഴും വരുകയും പോവുകയും ചെയ്യാം.' (പാവങ്ങൾ)

'പാപത്തെ വെറുക്കുക; പാപിയെ സ്നേഹിക്കുക'. (ബൈബിൾ)

ഈ മഹത്തായ ആശയം സ്വന്തം ജീവിതത്തിലൂടെ പകർന്നുനൽകിയ മഹാനായ മനുഷ്യസ്നേഹിയാണ് 'പാവങ്ങൾ' എന്ന നോവലിലെ മെത്രാൻ. മെത്രാൻ എന്ന കഥാപാത്രത്തിന്റെ നിരൂപണം തയാറാക്കുക.

## ഉത്തരസൂചിക

1 ഘടികാരം ചലിക്കുന്ന ശബ്ദംപോലും കേൾക്കാൻ കഴിയുന്നതരം നിശ്ശബ്ദത ആ വീട്ടിൽ ഉണ്ടായിരുന്നു.

2 അവരുടെ വിശപ്പിനെ സമൂഹം അവഗണിച്ചിരുന്നു.

3 വിനാശകാലേ വിപരീതബുദ്ധി.

4 സുഖസൗകര്യങ്ങൾ

5 സുഖ + ഉദയം

6
- ഭൂമി പുറമേ ശാന്തമാണെങ്കിലും ഉൾഭാഗം കത്തിജ്ജ്വലിച്ച് പ്രക്ഷുബ്ധമായ അവസ്ഥയിലാണ്. മറിയയുടെ മുഖത്ത് കരുണരസം നിറഞ്ഞുനിൽക്കുമ്പോഴും മനസ്സ് ദുഃഖം കൊണ്ട് പ്രക്ഷുബ്ധമാണ്.
- ഭൂമി സർവ്വംസഹയാണ്. മറിയയും എല്ലാം സഹിക്കുന്നു.

  മറിയ ലോകമാതാവാണ്. ഭൂമിയും അമ്മയാണ്.

7
- സാഹിത്യരചനയ്ക്ക് കേവലമായ ശാരീരിക അധ്വാനം മാത്രമല്ല ആവശ്യം.
- സാഹിത്യരചന മാനസിക വ്യാപാരമാണ്.ആത്മാവിന് ലഭ്യമാകുന്ന വെളിപാടുകളാണ് സാഹിത്യരചനയുടെ പ്രേരണ.

8
- സഹോദരിയേയും, തനിക്കുവേണ്ടി യുദ്ധംചെയ്ത് പരലോകം പൂകിയവരെയും ഓർത്ത് വിലപിക്കുന്നു.
- പരാജയം സംഭവിക്കുമെന്ന് അറിയാമായിരുന്നെങ്കിലും ക്ഷത്രിയ ധർമ്മമനുസരിച്ച് യുദ്ധം ചെയ്യുന്നു.
- ശത്രുവിനോട് അവജ്ഞയും, തന്നെ ചതിച്ചവരോട് കോപവും പുലർത്തുന്നു. സ്വന്തം ജീവിതത്തെക്കുറിച്ചോർത്ത് അഭിമാനിക്കുന്നു.
- കുടുംബാംഗങ്ങളോട് തികഞ്ഞ സ്നേഹം പുലർത്തുന്നു.
- സ്വഭാവസ്ഥിരതയുണ്ട്.

9
- മതിയായ ഭക്ഷണംപോലും ലഭിക്കാതിരുന്ന സാഹചര്യത്തിലും സത്യസന്ധത പുലർത്തി.
- മൂല്യങ്ങൾ മുറുകെപിടിച്ച് ജീവിക്കുന്നതിലൂടെ ലഭിക്കുന്ന ആനന്ദംവിലപ്പെട്ടതാണ്.
- ജീവിതസാഹചര്യങ്ങളുടെ പരിമിതി പഠനത്തിന് തടസമാകരുത്.
- ഉപജീവനത്തിനുവേണ്ടിയുള്ള അധ്വാനത്തിൽ മാതാപിതാക്കളെ സഹായിക്കണം.
- മാതാപിതാക്കളുടെ സ്നേഹവും കരുതലും തിരിച്ചറിയണം. അവരുടെ സ്നേഹം ഉൾക്കൊണ്ട് പ്രവർത്തിക്കണം.
- പ്രതിസന്ധികളെ അതിജീവിക്കാനുള്ള കരുത്ത് സ്വയം നേടണം.

10
- പുഷ്കരന് ഇഷ്ടം തോന്നുന്ന തരത്തിൽ അദ്ദേഹത്തിന് അഭിമുഖമായി കലി നിൽക്കുന്നു.
- പുഷ്കരന്റെ വാക്കുകൾ കലി ശ്രദ്ധിച്ചുകേൾക്കുന്നു.
- പുഷ്കരനെ പ്രലോഭിപ്പിക്കുന്ന വാക്കുകൾ.
- താൻ ചെയ്യാൻ പോകുന്ന കാര്യങ്ങളുടെ നേട്ടങ്ങളും കോട്ടങ്ങളും ആലോചിക്കാൻ പോലും പുഷ്കരന് അവസരം നൽകാതെ പെട്ടെന്ന് തീരുമാനമെടുപ്പിക്കൽ.

11 ● മാതാപിതാക്കളെ ദൈവതുല്യം കാണുന്ന സംസ്കാരം.

● മൂല്യബോധമുള്ള സമൂഹം.

● കാലാവസ്ഥ, ഭൂപ്രകൃതി മുതലായ സവിശേഷതകൾ.

● നാനാത്വത്തിൽ ഏകത്വം പുലർത്തുന്ന നാട്.

● കുടുംബബന്ധങ്ങളുടെ ഊഷ്മളത.

12 ● വാക്കുകൾ കൊണ്ട് വിനിമയം ചെയ്യാൻ കഴിയാത്ത ഭാവസാന്ദ്രമായ ആശയങ്ങൾ മൗനം കൊണ്ട് വിനിമയം ചെയ്യാൻ കഴിയും.

● വികാരങ്ങളുടെ തീവ്രാവസ്ഥയിൽ വാക്കുകൾ പുറത്തുവരാറില്ല.

● മനുഷ്യന് കേൾക്കാൻ കഴിയുന്ന ശബ്ദത്തിന് പരിമിതിയുണ്ട്. അതിലും ഉച്ചത്തിലാണ് ഇതിലെ നിലവിളികൾ. ആ നിലവിളികൾ മൗനംകൊണ്ട് പൂരിപ്പിക്കുന്നു.

● പൊള്ളയായ വാക്കുകളെക്കാൾ അർത്ഥവത്തായ മൗനമാണ് നല്ലത്.

13 ● സാധാരണക്കാരന്റെ പ്രശ്നങ്ങൾ ലോകത്തോട് വിളിച്ചുപറയുന്നതാണ് സാഹിത്യം.

● സാഹിത്യത്തിന്റെ ലക്ഷ്യം ഒരിക്കലും നിറവേറ്റപ്പെടാതിരുന്നിട്ടില്ല.

● ജീവിതത്തിന്റെ സത്യസന്ധമായ ആവിഷ്കാരമാണ് സാഹിത്യം.

● മനുഷ്യശക്തിയെ പരാജയപ്പെടുത്താൻ കഴിയില്ല.

● സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കിയത് മനുഷ്യന്റെ സർഗ്ഗശക്തിയാണ്.

14 ● വൃദ്ധമാതാവ് മകന്റെ സഹായം അർഹിക്കുന്നു.

● തന്റെ എല്ലാ സമ്പാദ്യവും മകനുവേണ്ടി ചെലവഴിക്കാൻ മാതാവ് തയാറായി.

● മകന്റെ ഭാവി ജീവിതം മെച്ചപ്പെടണമെന്ന് മാത്രമാണ് അമ്മ ആഗ്രഹിച്ചത്. എന്നാൽ മകൻ അതെല്ലാം മറക്കാൻ ശ്രമിക്കുന്നു.

● മക്കളുടെ സംരക്ഷണം ലഭിക്കാനുള്ള അവകാശം മാതാപിതാക്കൾക്കുണ്ട്. അതിനാൽ മകന്റെ സമീപനം തെറ്റാണ്.

15 ● ധനമോഹം, അധികാരമോഹം, മുതലായവ കൊണ്ടുണ്ടാവുന്ന വഴക്കുകൾ ഒഴിവാക്കണം.

● കാണുന്നവയെല്ലാം ശാശ്വതമല്ല, സുഖഭോഗങ്ങളും ആയുസ്സും മിന്നലിന്റെ പ്രഭക്ക് തുല്യമാണ്, മനുഷ്യജന്മം ക്ഷണികമാണ്, കുടുംബത്തിലെ ഒത്തുചേരൽ ചഞ്ചലമാണ്, സുഖകരമായി ജീവിക്കാമെന്ന ചിന്തസ്വപ്നതുല്യമാണ്, ഐശ്വര്യവും യൗവനവും അസ്ഥിരമാണ്, ദേഹം നശിക്കുമെന്നതിനാൽ ദേഹം നിമിത്തമുള്ള മഹാമോഹം നന്നല്ല, ഒരിക്കലും നശിക്കാത്ത ദേഹിക്ക് മോക്ഷം ലഭ്യമാകുന്നതരത്തിൽ പ്രവർത്തിക്കണം, ലോകത്തെ ദഹിപ്പിക്കാമെന്ന ചിന്തയ്ക്ക് കാരണം അറിവില്ലായ്മയാണ്, അറിവുള്ളവർ ക്രോധം ഉപേക്ഷിക്കണം തുടങ്ങി ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശങ്ങൾ.

● തനിക്ക് അർഹമായ അധികാരവും സമ്പത്തും വേണ്ടെന്നുവയ്ക്കാൻ ശ്രീരാമൻ തയാറാവുന്നു. ഈ നിലപാട് ഒരു യുദ്ധം ഇല്ലാതാക്കുന്നു. ശ്രീരാമന്റെ പ്രവൃത്തി ഇന്നത്തെ സമൂഹത്തിന് മാതൃകയാണ്.

● ക്രോധം പരിത്യജിച്ച് മുക്തിക്ക് തടസ്സം വരാത്ത രീതിയിൽ ജീവിക്കണമെന്ന ഉപദേശം.

16 ● സൂചനകളിലൂടെ മാത്രം മരണം അവതരിപ്പിക്കുന്നു. (ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു. ഇല്ല എന്ന വാക്കിന്

എല്ലാവിധത്തിലുള്ള ധ്വനിയും പേറാവുന്ന ഒരുത്തരം അയാളുടെ ഹൃദയത്തെ വേവിക്കാൻ തുടങ്ങി.)

- കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും വാങ്മയചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്നു.
- ഭാവാവിഷ്കാരത്തിന് അനുയോജ്യമായ പശ്ചാത്തലം.(ആ നിമിഷം ചുമരിലെ ഘടികാരത്തിൽനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.)
- ചിത്രത്തിന്റെ വൈകാരികതലം ഉൾക്കൊണ്ട് അതിന്റെ സൂക്ഷ്മഭാവങ്ങൾ കഥയിൽ അവതരിപ്പിക്കുന്നു.(മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി, ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞുപറിഞ്ഞ്...)
- ഖനിത്തൊഴിലാളികളുടെ ദുരിതപൂർണ്ണമായജീവിതം അവതരിപ്പിക്കുന്നു.

17
- ആർക്കും സമീപിക്കാൻ കഴിയുന്ന തരത്തിലുള്ള സ്നേഹഭാവം.
- സമത്വം, സാഹോദര്യം തുടങ്ങിയ ആശയങ്ങളുടെ അർത്ഥവിശാലത ജീവിതത്തിലൂടെ കാട്ടിത്തരുന്നു.
- ലളിതമായ സാഹചര്യങ്ങളിലും ജീവിക്കാൻ ശീലിക്കണം.
- മെത്രാന്റെ മനസ്സിലെ നന്മയുടെ പ്രകാശം ഴാങ് വാൽ ഴാങിനെ പ്രകാശത്തിലേക്ക് നയിച്ചു.
- തിരസ്കരണത്തിനും ഒറ്റപ്പെടുത്തലിനും ഒരാളെ നൻമയിലേക്ക് നയിക്കാൻ കഴിയില്ലെന്ന തിരിച്ചറിവ്.
- ശിക്ഷ കൊണ്ട് സാധിക്കാത്തത് സ്നേഹം കൊണ്ട് മെത്രാൻ സാധിച്ചു.സ്വജീവിതത്തിലൂടെ സ്നേഹത്തിന്റെ സ്വാധീനശക്തി മെത്രാൻ കാട്ടിത്തരുന്നു.

# ചോദ്യപേപ്പർ 1

## അടിസ്ഥാന പാഠാവലി

**സമയം : 1½ മണിക്കൂർ** **ആകെ സ്കോർ : 40**

**പൊതുനിർദേശങ്ങൾ**

- ആദ്യ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യം വായിക്കുന്നതിനും ഉത്തരം ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- നിർദേശങ്ങളും ചോദ്യങ്ങളും അനുസരിച്ചു മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.** $(4\times1 = 4)$

1. "സാഹിത്യം വായിക്കപ്പെടുന്നില്ല. പത്രം വായിക്കുവാൻ കൊള്ളുകയുമില്ല." - ഇങ്ങനെ അഭിപ്രായപ്പെട്ടതാര്?

   (ഓസ്കാർ വൈൽഡ്, ഇബ്സൺ, സാമുവൽ ബട്‌ലർ, ജഫ്ഴ്സൺ)

2. നീരറ്റു വറ്റിവരണ്ട <u>കൈച്ചുള്ളികൾ</u>

   അടിവരയിട്ട പദം വിഗ്രഹിക്കുന്നത്.

   - കൈപോലുള്ള ചുള്ളികൾ
   - കൈയാകുന്ന ചുള്ളികൾ
   - ചുള്ളികളാകുന്ന കൈ
   - ചുള്ളികൾ പോലുള്ള കൈ

3. "എടീ കള്ളീ! നീയതു ഒളിച്ചുമച്ചിരുന്നോ?" ഈ വാക്കുകളിലെ ഭാവം?

   (ദേഷ്യം, ഭയം, വാത്സല്യം, സന്തോഷം)

4. 'തിരികൾ തെറുത്തു കൊളുത്താനുറ്റ

   മുഹൂർത്തം കാത്തു' - നിന്നതാര്?

   (തുമ്പ, മുക്കുറ്റി, നെയ്യാമ്പൽ, കമുക്)

5. "ചാക്കുണ്ണിയുടെ തയ്യലിന്റെ രാത്രികൾ നീണ്ടു. അയാൾ വീട്ടിൽ മടങ്ങിയെത്തുമ്പോൾ റേഡിയോ പ്രക്ഷേപണം കഴിഞ്ഞിരുന്നു." - ഇവിടെ സൂചിതമാകുന്നത്

   - റേഡിയോ പ്രക്ഷേപണം നേരത്തേ അവസാനിക്കുന്നു.
   - ചാക്കുണ്ണി അധികസമയം തയ്യൽ ജോലികൾ ചെയ്യുന്നു.
   - കൂടുതൽ സമയം റേഡിയോ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരുന്നു.
   - രാത്രിയിൽ തയ്ക്കുന്ന ശീലം ഉപേക്ഷിക്കുന്നു.

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.** $(4 \times 2 = 8)$

6. അർഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കുക.

പത്രങ്ങൾ സൂര്യന് ചുവടെയും മേലെയുമുള്ള എല്ലാറ്റിനേയും പറ്റി വൃത്താന്തങ്ങൾ തരുന്നു എന്ന് മാത്രമല്ല, അവയെ വിമർശിക്കുകയും ചെയ്യുന്നു.

7. 'മനസ്സിന്റെ ക്ലാവു പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു.' അടിവരയിട്ട പ്രയോഗത്തിന്റെ സവിശേഷാർഥം കുറിക്കുക.

8. 'മാവിൻചുവട്ടിലെ സദ്യ ആരംഭിക്കുകയായി' മാവിൻചുവട്ടിലെ സദ്യ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

9. " ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്തു ചികയുകയും മാന്തുകയും കൊത്തിപ്പെറുക്കുകയും ചെയ്തു." മത്തായിയുടെ ചിന്തയെ കുറിച്ചുള്ള എന്തെല്ലാം സൂചനകളാണ് ഈ വരികളിലുള്ളത്?

10. 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' ഗുരുസൂക്തങ്ങളിലെ ഭാഷാശൈലിയുടെ രണ്ട് സവിശേഷതകൾ കുറിക്കുക.

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.** $(4 \times 4 = 16)$

11. "പഴയൊരു പുള്ളുവനാണല്ലോ ഞാൻ" - (ഓണമുറ്റത്ത്)

കവി സ്വയം പുള്ളുവനെന്ന് വിശേഷിപ്പിക്കാനുള്ള കാരണങ്ങൾ വിശകലനം ചെയ്യുക.

12. "പത്രത്തെ എതിർക്കേണ്ടി വന്നാൽ, ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം." (പത്രനീതി)

ഈ പ്രസ്താവന വിമർശനാത്മകമായി വിലയിരുത്തുക.

13. 'കിടപ്പിലായിരുന്നപ്പോൾ പോലും വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ശ്രദ്ധിച്ചിരുന്നു.'

"ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല. ആടക്കിടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്" (ഓരോ വിളിയും കാത്ത്)

ആത്മബന്ധത്തിന്റെ തീവ്രതയാണ് ഈ കഥയിൽ കാണുന്നത്. സന്ദർഭങ്ങൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

14. 'വൃദ്ധനെ തകഴിയിൽ തനിച്ചിട്ടുതാൻ തന്റെ സുഖം തേടി പെണ്ണുമായി മറുനാട്ടിൽ പോന്നു. അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്. ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല.' (പ്ലാവിലക്കഞ്ഞി)

കോരന്റെ ഈ ധാർമ്മികബോധം വർത്തമാനകാല സമൂഹത്തിൽ എത്രത്തോളം നിലനിൽക്കുന്നുണ്ട്? സ്വാഭിപ്രായം രേഖപ്പെടുത്തുക.

15. "ന്നാലും... ഇതൊക്കെ കുട്ട്യോളട പോലെ നോക്കണ്ട സാധനങ്ങളാണേ... റേഡിയോടെ പിന്നില് നോക്ക്യാ. അറിയാം ഒര് കൂട്ടീടെ പടം...."

'പണയം' എന്ന കഥയിൽ 'റേഡിയോ' യുടെ സ്ഥാനം വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിൽ ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** (6 സ്കോർ വീതം)

16. 'പത്രക്കാരന്റെ പുരുഷാർഥങ്ങൾ സത്യം, ന്യായം, നീതി എന്ന ധർമത്രയം ആയിരിക്കും." - സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

'നല്ലപത്രം വായിക്കാമെന്ന് വച്ച് ചീത്ത പത്രം നിർത്തുന്നവൻ വിഡ്ഢിയാക്കപ്പെടുന്നു. - സുകുമാർ അഴിക്കോട്

ഈ പ്രസ്താവനകൾ വിശകലനം ചെയ്ത് 'പത്രധർമ്മം' എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക.

17. "ആരുതേടും? നാളെ നമ്മുടെ കുട്ടികൾ-

ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ?"

-അമ്മയുടെ എഴുത്തുകൾ-

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്ത്യനു പെറ്റമ്മതൻ ഭാഷതാൻ - എന്റെ ഭാഷ

വരികൾ വിശകലനം ചെയ്ത് 'മാതൃഭാഷയും മലയാളിയും' എന്ന വിഷയത്തിൽ മാതൃഭാഷാദിനത്തിൽ സ്കൂൾ അസംബ്ലിയിൽ നടത്താനുള്ള പ്രസംഗം തയ്യാറാക്കുക?

18. "എങ്ങോട്ടുപോകുന്നുവെന്നു ചോദിച്ചില്ല,

എന്തിനെന്നും, പക്ഷേ കണ്ണുകൾ, കണ്ണുകൾ

മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്

പാടയും പീളയും മൂടിയ കണ്ണുകൾ

ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ" - അമ്മത്തൊട്ടിൽ

അനാഥമാക്കപ്പെടുന്ന വാർധക്യത്തിന്റെ നേർചിത്രമാണ് 'അമ്മത്തൊട്ടിൽ' എന്ന കവിത. പ്രയോഗഭംഗി, സമകാലിക പ്രസക്തി മുതലായവ പരിഗണിച്ച് കവിതയ്ക്ക് ആസ്വാദനം തയാറാക്കുക.

## ഉത്തരസൂചിക

1 ഓസ്കാർ വൈൽഡ്

2 ചുള്ളികൾ പോലുള്ള കൈ

3 വാത്സല്യം

4 മുക്കുറ്റി

5 ചാക്കുണ്ണി അധികസമയം തയ്യൽജോലികൾ ചെയ്യുന്നു.

6 പത്രങ്ങൾ സൂര്യന് ചുവടെയും മേലെയുമുള്ള എല്ലാറ്റിനേയുംപറ്റി വൃത്താന്തങ്ങൾ തരികയും അവയെ വിമർശിക്കുകയും ചെയ്യുന്നു.

7
- ❖ കണ്ണാടിയിൽ പ്രതിഫലിക്കുന്നത് യഥാർഥ കാഴ്ചകളാണ്.
- ❖ പ്രായാധിക്യത്താൽ ഓർമ്മകൾക്ക് മങ്ങൽ സംഭവിച്ചു.

8
- ❖ ഗ്രാമത്തിലെ കുട്ടികൾക്ക് സദ്യയോടും മാമ്പഴത്തോടുമുള്ള താൽപര്യം.
- ❖ പല രുചികളിലുള്ള മാമ്പഴങ്ങളും സദ്യയിലെ രുചിവൈവിധ്യവും.

9
- ❖ മർക്കോസിനെ നശിപ്പിക്കാനുള്ള സുവർണ്ണാവസരമായി കാണുന്നു.
- ❖ കുതന്ത്രങ്ങളെപ്പറ്റിയുള്ള ഗാഢമായ ആലോചന.
- ❖ തന്ത്രം രൂപപ്പെട്ടതിന്റെ സൂചന.

10
- ❖ സൂത്രവാക്യംപോലെ കുറിക്കുകൊള്ളുന്ന പ്രയോഗങ്ങൾ.
- ❖ പണ്ഡിതന്മാർക്കും പാമരന്മാർക്കും ഒരുപോലെ ആശയം ഗ്രഹിക്കാൻ കഴിയുന്നു.

11
- ❖ ഗ്രാമീണസംസ്കൃതി ഉൾക്കൊള്ളുന്ന കവി.
- ❖ സമൂഹത്തിന്റെ നന്മ ലക്ഷ്യമാക്കിയുള്ള കവിത.
- ❖ ഓണപ്പാട്ടുകളോടുള്ള കൂറ്.
- ❖ സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങൾ കവിതയിൽ അവതരിപ്പിച്ചു.

12
- ❖ പത്രങ്ങളുടെ പ്രസക്തി.
- ❖ ജനാധിപത്യഭരണത്തിൽ പത്രങ്ങളുടെ സ്വാധീനം.
- ❖ നവമാധ്യമങ്ങളുടെ സ്വാധീനം.
- ❖ വാർത്താവിനിമയരംഗത്ത് വന്നിട്ടുള്ള മാറ്റങ്ങൾ.

13
- ❖ അച്ഛന് കുടുംബത്തിലുണ്ടായിരുന്ന സ്ഥാനം.
- ❖ അച്ഛന്റെ ഉത്തരവാദിത്തബോധം.
- ❖ കുടുംബകാര്യങ്ങളിൽ അച്ഛനുണ്ടായിരുന്ന ശ്രദ്ധ.
- ❖ മരണാനന്തരവും അദൃശ്യസാന്നിദ്ധ്യമായി വീട്ടിൽ ശോഭയോടെ വർത്തിക്കുന്നു.

14
- ❖ അച്ഛനെ വേണ്ടവിധം പരിചരിക്കാത്തതിലുള്ള കുറ്റബോധം.

- ❖ സമകാലികസമൂഹത്തിൽ മാതാപിതാക്കൾ അനാഥരാക്കപ്പെടുന്നു.
- ❖ മാതാപിതാക്കളെ ഉപേക്ഷിക്കുന്നതിൽ കുറ്റബോധം തോന്നാത്ത മക്കളുടെ മനോഭാവം
- ❖ ഊഷ്മളമായ കുടുംബബന്ധങ്ങൾക്ക് സ്ഥാനം നൽകാതെയുള്ള സ്വാർത്ഥജീവിതം.

15 ❖ കലാസ്നേഹിയായ ചാക്കുണ്ണിക്ക് റേഡിയോയുമായുള്ള ആത്മബന്ധം.
- ❖ ബാലമണ്ഡലം ആസ്വദിച്ച് മകന്റെ വിയോഗദുഃഖത്തിൽ സ്വയം ആശ്വാസം കണ്ടെത്തുന്നു.
- ❖ റേഡിയോ പണയംവയ്ക്കുമ്പോൾ അനുഭവിച്ച ഹൃദയവേദന.
- ❖ കുടുംബബന്ധവും സാമൂഹികബന്ധവും ഉറപ്പിക്കുന്നതിൽ റേഡിയോ വഹിച്ച പങ്ക്.

16 ❖ സത്യസന്ധമായ വാർത്തകൾ അറിയിക്കാൻ ബാധ്യതയുള്ള മാധ്യമം.
- ❖ പത്രത്തിന്റെ നിലപാടുകൾക്ക് ജനാധിപത്യസംവിധാനത്തിലുള്ള സ്ഥാനം.
- ❖ മാധ്യമങ്ങളുടെ ജനസ്വാധീനം.
- ❖ രാഷ്ട്രീയ സാമൂഹിക നിലപാടുകൾ രൂപപ്പെടുത്തുന്നതിൽ പത്രത്തിന്റെ സ്വാധീനം.
- ❖ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന തരത്തിലുള്ള മാധ്യമ ഇടപെടൽ.
- ❖ പത്രം ചില പ്രത്യേക രാഷ്ട്രീയ സാമൂഹിക നിലപാട് അടിച്ചേൽപ്പിക്കാൻ ബോധപൂർവ്വം ശ്രമിക്കുന്ന അവസ്ഥ.
- ❖ പത്രങ്ങൾക്ക് നഷ്ടപ്പെടുന്ന ധാർമ്മികത.
- ❖ ഒരു സംഭവം പല പത്രങ്ങളിൽ വ്യത്യസ്തതരത്തിൽ വാർത്തയാകുന്നത് വിശ്വാസ്യത നഷ്ടപ്പെടുത്തുന്നു.

17 ❖ മാതൃഭാഷയും പെറ്റമ്മയും ഒരുപോലെയാണ്.
- ❖ മാതൃഭാഷയോടുള്ള താല്പര്യം കുറഞ്ഞുവരുന്നു.
- ❖ പല ആവശ്യങ്ങൾക്കും മാതൃഭാഷമാത്രമേ ഉപയോഗിക്കാവൂവെന്ന് നിയമമുണ്ടാക്കേണ്ടി വന്ന അവസ്ഥ.
- ❖ സംസ്കാരം കാത്തുസൂക്ഷിക്കുന്നത് മാതൃഭാഷയാണ്. ഭാഷ നഷ്ടമാകുമ്പോൾ സംസ്കാരം നഷ്ടമാവും.
- ❖ വികാരപ്രകടനത്തിന് അനുയോജ്യം. ഹൃദയത്തിന്റെ ഭാഷ.
- ❖ ആചാരങ്ങൾ, കൃഷിരീതികൾ, ആരോഗ്യസംരക്ഷണം, മുതലായവയിൽ തനതായ രീതികൾ ഓരോ നാടിനുമുണ്ട്. തലമുറകൾക്ക് ഇവ പകർന്നു നൽകുന്നത് മാതൃഭാഷാസാഹിത്യമാണ്.

18 ❖ അമ്മത്തൊട്ടിൽ എന്ന തലക്കെട്ടിന്റെ അർത്ഥസാധ്യതകൾ.
- ❖ അമ്മയുടെ ദൈന്യാവസ്ഥ പ്രതിഫലിക്കുന്ന പ്രയോഗങ്ങൾ.

- അമ്മയെ ഉപേക്ഷിക്കാൻ നിർബന്ധിതനാകുന്ന മകന്റെ മാനസികസംഘർഷ ങ്ങൾ.
- അമ്മയ്ക്ക് മകനോടുള്ള സ്നേഹത്തെ സംബന്ധിച്ച സൂചനകൾ.
- പെരും മാള് ('പരമാവധി ഉപയോഗിക്കുക, ഉപയോഗശൂന്യമാകുമ്പോൾ വലി ച്ചെറിയുക' എന്ന ഉപഭോഗസംസ്കാരത്തിന്റെ അടയാളം.)പെറ്റുകിടക്കും തെ രുവുപട്ടി (മാതൃസ്നേഹവും കരുതലും) തുടങ്ങി ധ്വന്യാർത്ഥമുൾക്കൊള്ളു ന്ന വരികളുടെ വിശകലനം
- വൃദ്ധമാതാപിതാക്കളോടുള്ള പുതുതലമുറയുടെ സമീപനം.
- സമകാലികപ്രസക്തി.

# ചോദ്യപേപ്പർ 2

## അടിസ്ഥാന പാഠാവലി

**സമയം : 1½ മണിക്കൂർ** **ആകെ സ്കോർ : 40**

**പൊതുനിർദേശങ്ങൾ**

- ആദ്യ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യം വായിക്കുന്നതിനും ഉത്തരം ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- നിർദേശങ്ങളും ചോദ്യങ്ങളും അനുസരിച്ചു മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.**
$(4 \times 1 = 4)$

1. "ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുക യാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന്വെച്ചാൽ." - ഈ വരി കൾ സൂചിപ്പിക്കുന്നത്.
   - അച്ഛൻ ഇപ്പോഴും വിളിച്ചുകൊണ്ടിരിക്കുന്നു.
   - അച്ഛൻ കൂടെയുണ്ടെന്നുള്ള അമ്മയുടെ വിശ്വാസം
   - അച്ഛൻ യഥാർത്ഥത്തിൽ മരിച്ചിട്ടില്ല
   - അച്ഛൻ ദേഷ്യപ്പെടുന്നത് അമ്മയ്ക്കിഷ്ടമല്ല.
2. "പൂത്തിരി കത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തിയ വൈലോപ്പിള്ളി"- ഇവിടെ സൂചിതമാകുന്ന കവിത ഏത്?
   - മാമ്പഴം
   - കന്നിക്കൊയ്ത്ത്
   - മകരക്കൊയ്ത്ത്
   - ഓണമുറ്റത്ത്
3. 'നവോത്ഥാനം' - എന്ന പദം പിരിച്ചെഴുതുക.
   - നവം + ഉത്ഥാനം
   - നവോ + ഉത്ഥാനം
   - നവ + ഉത്ഥാനം
   - നവ + ഒത്ഥാനം
4. കോഴിയുടെ ഉടമസ്ഥൻ സന്ധ്യയ്ക്ക് വീട്ടിൽ വന്നപ്പോൾ കഥ അറിഞ്ഞു. അറിഞ്ഞ കഥ എന്ത്?
   - മത്തായി കേസ് കൊടുത്തത്
   - പേരയ്ക്ക നെറ്റിയിൽ എറിഞ്ഞത്

- കോഴിയെ കല്ലെറിഞ്ഞു വീഴ്ത്തിയത്
- മാർക്കോസിനെ പോലീസ് പിടിച്ചത്.

5. "പട്ടണക്കോപ്പു നിറയ്ക്കയാലിച്ചില്ലു-
പെട്ടികൾ തിങ്ങി, നിന്നിഷ്ടമാണെന്റെയും." - അടിവരയിട്ടപദം സൂചിപ്പിക്കുന്നത്?
   - പാശ്ചാത്യവത്ക്കരണം
   - വീട് മോടിപിടിപ്പിക്കൽ
   - അലങ്കാരവസ്തുക്കൾ നിറയ്ക്കൽ
   - പഴയത് ഉപേക്ഷിക്കൽ

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.** **$(4 \times 2 = 8)$**

6. അർഥവ്യത്യാസം കൂടാതെ ഒറ്റവാക്യമാക്കുക.
പത്രത്തെ എതിർക്കേണ്ടി വന്നാൽ, ആ എതിർപ്പിന് പോലും പ്രചാരം വേണമെങ്കിൽ പത്രത്തെ ത്തന്നെ ആശ്രയിക്കണം. പത്രം എന്ന വിരോധാഭാസം ഇതത്രേ.

7. "തമ്പ്രാ ഏനു നെല്ല് കൂലി മതി. ചക്രം മേണ്ട."
"എന്നാല് ഏനും കുടിക്കത്തില്ല."
"ഏന് മയറ്റില് ഒരു കമ്പിതമെടീ"
'പ്ലാവിലക്കഞ്ഞി'യിലെ സംഭാഷണഭാഷയുടെ ഏതെങ്കിലും രണ്ട് പ്രത്യേകതകൾ എഴുതുക.

8. "ഒഴിവുകനത്തൊരിരുളിടം" അടിവരയിട്ട പ്രയോഗത്തിന്റെ സവിശേഷാർത്ഥം കണ്ടെത്തുക.

9. നാദമായ് വന്നെന്റെ നാവിലെത്തേനായി
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ (അമ്മയുടെ എഴുത്തുകൾ)
അമ്മയുമായുള്ള ബന്ധം ഈ വരികളിൽ പ്രകടമാകുന്നതെങ്ങനെ?

10. "അപ്പോൾ നമ്മുടെ വേരുകളോ?
അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ." (വേരുകൾ)
മനുഷ്യന്റെ വേരുകൾ ഭൂമിയിലാണെന്ന് പറയുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.** **$(4 \times 4 = 16)$**

11. "ഓരോന്നിനോരോ മൊഴിച്ചന്ത, മമ്മയാം
നേരിന്റെയീണവും താളവുമിമ്പവും" (അമ്മയുടെ എഴുത്തുകൾ)
കവിതാഭാഗം വിശകലനം ചെയ്ത് ഭാഷാസാഹിത്യത്തിന്റെ മഹത്വത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

12. "മകനേ, മൂടുമറക്കരുത്."

"എന്റെ മകനേ ഈ നന്ദികെട്ടവരുടെ ഇടയിന്ന് കർത്താവെന്നെയങ്ങ് വിളിച്ചിരുന്നെങ്കിൽ. (കോഴിയും കിഴവിയും)

മനുഷ്യനന്മകൾ വെളിപ്പെടുത്തുന്ന കഥാപാത്രമാണ് മത്തായിയുടെ അമ്മ-വിലയിരുത്തുക.

13. "നീളും മലയുടെ ചങ്ങലവട്ടയിൽ

നാളം പാടലവിരലാൽ നീട്ടിയു-

മോമൽക്കവിളു തുടുത്തും തെല്ലൊരു

നാണത്തോടു പരുങ്ങിയൊരുങ്ങിടു-

മോണക്കോടിയുടുത്തൊരുഷസ്സേ." (ഓണമുറ്റത്ത്)

വരികളുടെ ചമത്ക്കാരഭംഗി കണ്ടെത്തുക.

14. "വില്ക്കാനുള്ളതല്ല ആളുകൾക്ക് ഒന്നുംരണ്ടും പെറുക്കിത്തിന്നാനുള്ളതാണ് എന്റെ മാങ്ങ എന്നായിരുന്നു കൊച്ചു ചക്കരച്ചിയുടെ നില." - 'കൊച്ചുചക്കരച്ചി'യിൽ മാവുകൾക്ക് മാനുഷികഭാവങ്ങൾ കല്പിച്ചിട്ടുണ്ട്. ഈ അഭിപ്രായം പരിഗണിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

15. "അമ്മത്തൊട്ടിൽ" എന്ന തലക്കെട്ടിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിൽ ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)**

16. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" -

"മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കുടിക്കരുത്, കൊടുക്കരുത്"

-ശ്രീനാരായണഗുരു

ഗുരുസൂക്തങ്ങളുടെ വെളിച്ചത്തിൽ പാഠഭാഗത്തെ ആശയം കൂടി ഉൾപ്പെടുത്തി ഗുരുദർശനങ്ങളുടെ സമകാലികപ്രസക്തി' എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കുക.

17. "മനുഷ്യരെ മെനക്കെട്ത്താൻ ഓരോ ഏർപ്പാടോള്, ആ നേരം വല്ല പണിയും എടുത്താല് നാല് കാശ്ണ്ടാക്കാം." - ചെമ്പു മത്തായി

"പണ്യേടു ക്കമ്പ്ളും റേഡിയോ കേൾക്കാം മൂപ്പരേ... ഞാനങ്ങന്യാർന്നു. തയ്ക്കുന്ന സമയത്ത് പാട്ടും നാടകോം, ശബ്ദരേഖേം ഒക്കെ കേൾക്കും" - ചാക്കുണ്ണി

'പണയം' എന്ന കഥയിലെ കഥാപാത്രങ്ങളുടെ വ്യത്യസ്ത കാഴ്പ്പാടുകൾ താരതമ്യം ചെയ്ത് കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

18. ജീവിതമുപ്പായി മാറുമ്പോൾ മഹാസമ്പ-

ത്തീവിധം തിരയടിച്ചാർക്കുന്നൂ നുരചിന്നി"

- കമ്പനിമുറ്റത്തെ കാട്ടുതുളസി

'രാത്രയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?'

'നെല്ലുകൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്?'

- രണ്ടിടങ്ങഴി

പഴയകാല കർഷകത്തൊഴിലാളികളുടെ സാമൂഹികാവസ്ഥകളാണ് മേൽസൂചിപ്പിച്ച രചനകളിൽ കാണുന്നത്. വിശകലനം ചെയ്ത് 'ദുരിതം നിറഞ്ഞ കർഷകജീവിതം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

## ഉത്തരസൂചിക

1. അച്ഛൻ കൂടെയുണ്ടെന്നുള്ള അമ്മയുടെ വിശ്വാസം
2. മാമ്പഴം
3. നവ + ഉത്ഥാനം
4. കോഴിയെ കല്ലെറിഞ്ഞ് വീഴ്ത്തിയത്
5. പാശ്ചാത്യവത്കരണം
6. പത്രത്തെ എതിർക്കേണ്ടിവന്നാൽ, ആ എതിർപ്പിനുപോലും പ്രചാരം വേണമെങ്കിൽ പത്രത്തെതന്നെ ആശ്രയിക്കണമെന്നതാണ് പത്രമെന്ന വിരോധാഭാസം.
7. ► കുട്ടനാടിലെ കർഷകത്തൊഴിലാളികളുടെ ഭാഷ.
   ► നാട്ടുഭാഷാസൗന്ദര്യം
   ► കഥയുടെ സ്വാഭാവികാന്തരീക്ഷം നിലനിർത്തുന്നു.
8. ► അമ്മയെ ഉപേക്ഷിക്കാമെന്ന ചിന്ത മകന്റെ മനസ്സിലെ ഇരുട്ടിനെ സൂചിപ്പിക്കുന്നു.
   ► തന്റെ പ്രവൃത്തി ആരും കാണാതിരിക്കാൻ ഇരുണ്ട പ്രദേശം തിരഞ്ഞെടുക്കുന്നു.
9. ❖ അമ്മയുടെ ഗർഭപാത്രത്തിൽ കിടന്നപ്പോൾ മുതൽ കേൾക്കുന്നത് മാതൃഭാഷയാണ്.
   ❖ മാതൃഭാഷ അമ്മയുമായുള്ള ബന്ധവുമാണ്.
   ❖ ജനനശേഷം ആദ്യമായി കേൾക്കുന്നതും സംസാരിക്കുന്നതും മാതൃഭാഷയാണ്.
   ❖ മാതൃഭാഷയുടെ മധുരം പൊക്കിൾക്കൊടിയിൽനിന്ന് നാവിലെത്തുകയാണ് ചെയ്യുന്നത്.
   ❖ ആശയഗ്രഹണത്തിന് മാതൃഭാഷ സഹായകമാവുന്നു.
10 ● മരങ്ങളെ മണ്ണിൽ ഉറപ്പിച്ചുനിർത്തുന്നത് വേരുകളാണ്. സ്നേഹബന്ധമാകുന്ന വേരുകൾ മനുഷ്യനെ നിലനിർത്തുന്നു.
   ● മണ്ണിനടിയിൽ കെട്ടുപിണഞ്ഞുകിടക്കുന്ന വേരുകൾ മരത്തെ താങ്ങിനിർത്തുന്നു.
   ● പരസ്പരബന്ധമില്ലാതെ മനുഷ്യന് നിലനിൽപ്പില്ല.
11. ❖ മാതൃഭാഷയിൽ ധാരാളം സാഹിത്യരചനകൾ ഉണ്ട്. എല്ലാ രചനകളും സുന്ദരമാണ്. എന്നാൽ രചനാശൈലിയിലും പ്രമേയപരമായ സവിശേഷതകളിലും ഓരോ സാഹിത്യസൃഷ്ടിയും വ്യത്യസ്തത പുലർത്തുന്നു.
   ❖ അമ്മയുടെ എഴുത്തുകളും ഇങ്ങനെയാണ്. ഉപദേശങ്ങൾ, നാട്ടുവിശേഷങ്ങൾ, മരുന്നുകുറിപ്പുകൾ, പ്രാർത്ഥനകൾ തുടങ്ങിയ വിവിധ വിഷയങ്ങൾ എഴുത്തുകളിൽ ഉണ്ടാവും.
   ❖ മാതൃഭാഷയിലെ സാഹിത്യസൃഷ്ടികൾക്ക് മാത്രമേ സംസ്കാരം പകർന്നുനൽകാൻ കഴിയുകയുള്ളൂ.

12 ❖ ഗ്രാമീണജീവിതത്തിന്റെ നന്മ ഉൾക്കൊള്ളുന്ന വ്യക്തിയാണ്.

❖ അധ്വാനിക്കാനുള്ള മനസ്സ് ഉണ്ട്.ചെറിയ കച്ചവടങ്ങൾ ചെയ്ത് പണം സമ്പാദിച്ചിരുന്നു.

❖ മനസ്സിൽ നന്മയുള്ള കഥാപാത്രമാണ് മത്തായിയുടെ അമ്മ.

❖ സാമ്പത്തികമായി മെച്ചപ്പെട്ടപ്പോഴും മർക്കോസിന്റെ അപ്പൻ ചെയ്ത ഉപകാരം മറക്കുന്നില്ല.

❖ മർക്കോസിനെ പോലീസ് അറസ്റ്റ് ചെയ്തപ്പോൾ സത്യം തുറന്നുപറഞ്ഞ് അയാളെ രക്ഷിച്ചു. സത്യത്തിന്റെ പക്ഷത്ത് നിൽക്കുന്ന ഒരു കഥാപാത്രമാണ് മത്തായിയുടെ അമ്മ.

13 ❖ സുന്ദരമായ കേരളപ്രകൃതിക്ക് മനുഷ്യഭാവം കല്പിക്കുന്നു.

❖ ചങ്ങലവട്ട തെളിയിച്ച് ഓണത്തപ്പനെ ആനയിക്കുന്ന ഗ്രാമീണകന്യകയായി ഉഷസ്സിനെസങ്കൽപ്പിക്കുന്നു.

❖ സഹ്യപർവ്വതമാകുന്ന ചങ്ങലവട്ടയിൽ സൂര്യനാകുന്ന തീനാളം തെളിച്ച് പുലരി വന്നെത്തുന്നു.

❖ സഹ്യപർവ്വതത്തിന്റെയും ചങ്ങലവട്ടയുടെയും ആകൃതി തമ്മിൽ സാമ്യമുണ്ട്. പ്രഭാതസൂര്യന്റെയും തീനാളത്തിന്റെയും നിറം ഒന്നുതന്നെയാണ്.

❖ ആകാശത്ത് കാണുന്ന ചുവപ്പുനിറം ഉഷസ്സാകുന്ന പെൺകൊടിയുടെ വിരലുകളുടെ നിറമായി കല്പിക്കുന്നു.

❖ പുലരി ദിവസത്തിന്റെ തുടക്കമാണ്. ഓണത്തപ്പന്റെ വരവോടെ പുതിയ ഒരു കാലഘട്ടം തുടങ്ങും.

14 ❖ മാവുകൾക്ക് പ്രത്യേകം പേര് നൽകുന്നു. മനുഷ്യർക്കാണ് ഇത്തരത്തിൽ പേര് നൽകുന്നത്.

❖ മാവിനോട് ഇണക്കവും പിണക്കവും കാണിച്ച് കുട്ടികൾ മാങ്ങ വീഴ്ത്തുന്നു. വീട്ടിലെ മുതിർന്നവരോട് ഇണക്കവും പിണക്കവും കാണിച്ച് കാര്യം നേടിയെടുക്കുന്നത് കുട്ടികളുടെ പ്രത്യേകതയാണ്.

❖ മാവിന്റെ യൗവനം വാർദ്ധക്യം മുതലായവ അവതരിപ്പിക്കുന്നു.

❖ കുടുംബാംഗങ്ങളുമായുള്ള ബന്ധം പറയുന്നു.

❖ വിൽക്കാനോ വെട്ടിവീഴ്ത്താനോ തയാറാവുന്നില്ല.

❖ രോഗാവസ്ഥയിലായ ഒരു മുതിർന്ന അംഗത്തോട് കാട്ടുന്ന സ്നേഹവും ആദരവും കൊച്ചുചക്കരച്ചിയോട് കാട്ടുന്നു.

❖ മുത്തശ്ശിമാരുടെ സ്നേഹവും വാത്സല്യവും കരുതലും മാവ് പ്രകടിപ്പിക്കുന്നു.

15 ❖ സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോൾ ചില അമ്മമാർ കുഞ്ഞുങ്ങളെ ഉപേക്ഷിക്കാൻ നിർബന്ധിതരാകും. ഇത്തരം കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനുള്ള സർക്കാർസംവിധാനമാണ് അമ്മത്തൊട്ടിൽ.

- ❖ പക്ഷേ അമ്മയെ ഉപേക്ഷിക്കാൻ ഒരു ഇടവുമില്ല. അമ്മയെ ഒരു കാരണവശാലും ഉപേക്ഷിക്കാൻ പാടില്ലെന്ന തിരിച്ചറിവ് ഈ കവിത നൽകുന്നു.
- ❖ സാധാരണഗതിയിൽ അമ്മ മക്കൾക്ക് സുഖവും സന്തോഷവും പകരുന്ന തൊട്ടിലാണ്. അമ്മയുടെ സ്നേഹവും വാത്സല്യവും ഒരിക്കലും കുറയുന്നില്ല. വൃദ്ധരായ മാതാപിതാക്കൾക്ക് സുഖവും സന്തോഷവും പകരുന്ന തൊട്ടിലുകൾ സ്വന്തം മക്കൾ മാത്രമാണെന്ന സത്യവും നിലനിൽക്കുന്നു. അതായത് അമ്മയും മക്കളും പരസ്പരം തൊട്ടിലുകളായി മാറുന്നു.

16 ❖ തനിക്ക് മാത്രം മോക്ഷം കിട്ടുകയെന്ന ചിന്തയോടെയാണ് ഭാരതത്തിലെ യോഗിമാർ പ്രവർത്തിച്ചത്. ശ്രീനാരായണഗുരു തന്റെ യോഗശക്തിയും ജ്ഞാനശക്തിയും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിച്ചു. ജ്ഞാനവുംപ്രവൃത്തിയും ഒന്നിച്ചു ചേരുന്നഒരു പ്രായോഗിക വേദാന്തത്തിന് ഗുരു പ്രാധാന്യം നൽകി.

- ❖ മനുഷ്യജാതിഎന്ന ആശയം അവതരിപ്പിച്ചത്ഗുരു ആയിരുന്നു. ഏകലോകമെന്ന ആശയം ആദ്യം അവതരിപ്പിച്ചത് അദ്ദേഹമാണ്.
- ❖ സമൂഹത്തിൽ നിന്ന് അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കാൻ ഗുരു പരിശ്രമിച്ചു.
- ❖ ആധ്യാത്മികജീവിതം നയിക്കുന്നവർ ഭൗതികജീവിതം നയിക്കുന്നവരെ രണ്ടാം തരക്കാരായി കാണുന്നു. എന്നാൽ ശ്രീനാരായണഗുരു ആധ്യാത്മിക ജീവിതത്തിനും ഭൗതികജീവിതത്തിനുംഒരുപോലെ പ്രാധാന്യം നൽകി.
- ❖ മതപ്രചാരകർ സ്വന്തം മതമാണ് വലുതെന്ന്പറയാറുണ്ട്. എന്നാൽ ഗുരു എല്ലാ മതങ്ങളും ചേരുന്ന ഈശ്വരനെക്കുറിച്ച് സംസാരിച്ചു. മതാതീതനായ ഒരു തത്വജ്ഞാനിയാണ് അദ്ദേഹം.
- ❖ ഗുരുദർശനങ്ങൾ ഇന്നും പ്രസക്തമാണ്.

17 ❖ പണം സമ്പാദിക്കുന്നതും അത് എണ്ണി തിട്ടപ്പെടുത്തി ഭദ്രമായി വയ്ക്കുന്നതും മാത്രമാണ് ജീവിതലക്ഷ്യമെന്ന് കരുതുന്ന ചിലരുണ്ട്. അവരുടെ പ്രതിനിധിയാണ് ചെമ്പുമത്തായി.

- ❖ അധ്വാനിച്ച് പണം സമ്പാദിക്കുകയും അത് ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യുന്നതുവഴി സന്തോഷം കണ്ടെത്താൻ ശ്രമിക്കുന്ന മറ്റു ചിലരുണ്ട്. അത്തരക്കാരനാണ് ചാക്കുണ്ണി.
- ❖ ചെമ്പുമത്തായി പണത്തെ സ്നേഹിച്ചപ്പോൾ ചാക്കുണ്ണി കലയെ സ്നേഹിച്ചു. മകനെയും റേഡിയോയെയും അദ്ദേഹം ഒരുപോലെ സ്നേഹിച്ചു.
- ❖ പണം സമ്പാദനം മാത്രം ലക്ഷ്യമാക്കുന്നവർക്ക് കുടുംബബന്ധവും സാമൂഹികബന്ധവും ഉണ്ടാകില്ല. ചെമ്പുമത്തായി മക്കളെ സ്നേഹിക്കാതെയാണ് വളർത്തിയതെന്ന് അയാൾതന്നെ പറയുന്നുണ്ട്.
- ❖ പ്രയോജനകരമായ രീതിയിൽ പണം വിനിയോഗിക്കുന്ന മനോഭാവം ഊഷ്മളമായ കുടുംബബന്ധവും സാമൂഹികബന്ധവും ഉണ്ടാക്കും. പ്രതിസന്ധികളെ അതിജീവിക്കാനുള്ള ശേഷി ഇവർക്ക് ഉണ്ട്.

- അതിനാൽ ചാക്കുണ്ണിയുടെ സമീപനം അനുകരണീയമാണ്.
- കലയോടുള്ള വ്യത്യസ്തകാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നു.
- ഗ്രാമീണമനുഷ്യരുടെ നിഷ്തളങ്കത
- ഭാഷാലാളിത്യം

18
- ജന്മി കുടിയാൻ വ്യവസ്ഥിതി നിലനിന്ന കാലത്തിലെ സാമൂഹികാവസ്ഥ പ്ലാവിലക്കഞ്ഞിയിൽ പ്രതിഫലിക്കുന്നു.
- ഈ വ്യവസ്ഥിതിക്കെതിരെ ചെറുതായെങ്കിലും പ്രതികരിക്കാൻ മിക്ക ആളുകളും തയാറായിരുന്നില്ല. അതിന് ശ്രമിക്കുന്നവർ ഒറ്റപ്പെടുമെന്ന ഭീതിയാണ് കാരണം.
- രാവിലെ മുതൽ രാത്രിവരെ കഠിനമായി അധ്വാനിച്ചിട്ടും, ഒരുനേരത്തെ ഭക്ഷണത്തിനുള്ള വകപോലും കൂലിയായി ലഭിക്കാത്ത അവസ്ഥ കർഷകത്തൊഴിലാളികൾക്ക് ഉണ്ടായിരുന്നു.
- തൊഴിലാളികളെ പരമാവധി ചൂഷണം ചെയ്തു. കരിഞ്ചന്തയിലൂടെ ജന്മിമാർ കൂടുതൽ സമ്പന്നരായിക്കൊണ്ടിരുന്നു.
- അടിയാളന്മാരെ മനുഷ്യരായിപ്പോലും ജന്മിമാർ പരിഗണിച്ചിരുന്നില്ല.
- ഈ വ്യവസ്ഥിതിക്കെതിരെ കോരനെപ്പോലെ ചിലർ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് വ്യവസ്ഥിതി തകരുന്നതിന്റെ സൂചനയാണ്.
- അധ്വാനശേഷി നഷ്ടപ്പെടുന്ന വാർദ്ധക്യകാലത്ത് ഉപജീവിക്കാൻ വിഷമിക്കുന്നു.
- കർഷകജീവിതം മെച്ചപ്പെടുത്താൻ സഹായകമായ പദ്ധതികൾ ആവിഷ്കരിക്കണം.
- പൊതുസമൂഹം അന്നം നൽകുന്ന കർഷകരെ ആദരിക്കണം